

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2025 ഡിസംബർ 01 – 15

Volume XIX Issue 22

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







# വെനസ്വേലൻ വ്യോമാതിർത്തി അടച്ചതായി ട്രംപ്



വാഷിംഗ്ടൺ: വെനസ്വേലയുടെ മുകളിലുള്ളതും ചുറ്റുമുള്ളതുമായ വ്യോമാതിർത്തി പൂർണ്ണമായും അടച്ചതായികണക്കാക്കണമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചു. എന്നാൽ, ഈ നീക്കം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അദ്ദേഹം നൽകിയില്ല.

വെനസ്വേലൻ പ്രസിഡന്റ് നിക്കോളാസ് മഡൂറോയുടെ സർക്കാരിന്മേലുള്ള സമ്മർദ്ദം വർദ്ധിപ്പിക്കുന്നതിനിടെയാണ് ട്രംപിന്റെ ഈ അപ്രതീക്ഷിത പ്രഖ്യാപനം.

– പി.പി ചെറിയാൻ

എല്ലാ എയർലൈനുകൾക്കും, പൈലറ്റുമാർക്കും മയക്കുമരുന്ന് കടത്തുകാർക്കും, മനുഷ്യക്കടത്തുകാർക്കും, വെനസ്വേലയുടെ മുകളിലുള്ളതും ചുറ്റുമുള്ളതുമായ വ്യോമാതിർത്തി പൂർണ്ണമായും അടച്ചതായി കണക്കാക്കുകഎന്നാണ് ട്രംപ് സോഷ്യൽ മീഡിയയിൽ കുറിച്ചത്.

ഈ പ്രഖ്യാപനത്തെക്കുറിച്ച് തങ്ങൾക്ക് അറിയില്ലെന്നും ഇത് നടപ്പിലാക്കാൻ യുഎസ് സൈന്യം എന്തെങ്കിലും ഓപ്പറേഷൻ നടത്തുന്നുണ്ടോ എന്നതിനെക്കുറിച്ച് ബോധ്യമില്ലെന്നും യുഎസ് ഉദ്യോഗസ്ഥർ റോയിട്ടേഴ്സിനോട് പറഞ്ഞു.

ട്രംപിന്റെ പ്രസ്താവനയെ വെനസ്വേലൻ സർക്കാർ അപലപിച്ചു. ഇത് രാജ്യത്തിന്റെ പരമാധികാരത്തിനെതിരായ കൊളോണിയൽ ഭീഷണി യാണെന്നും അന്താരാഷ്ട്ര നിയമങ്ങൾക്ക് വിരുദ്ധമാണെന്നും അവർ പറഞ്ഞു.

യുഎസ് ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ മുന്നറിയിപ്പ് നൽകിയതിനെ തുടർന്ന് രാജ്യത്തേക്കുള്ള സർവീസുകൾ നിർത്തി വെച്ച ആറ് പ്രധാന അന്താരാഷ്ട്ര എയർലൈനുകളുടെ ഓപ്പറേറ്റിംഗ് അവകാശങ്ങൾ വെനസ്വേല അടുത്തിടെ റദ്ദാക്കിയിരുന്നു.

വെനസ്വേലയിൽ മയക്കുമരുന്ന് കടത്ത് തടയാനായി കരമാർഗമുള്ള ഓപ്പറേഷനുകൾ ഉടൻ ആരംഭിക്കുമെന്ന് ട്രംപ് ഈ ആഴ്ച ആദ്യം സൂചിപ്പിച്ചിരുന്നു.

# ഇസ്രായേൽ പലസ്തീൻ സംഘർഷം അവസാനിപ്പിക്കാൻ ദ്വിരാഷ്ട്ര പരിഹാരമാണ് മാർഗമെന്ന് ആവർത്തിച്ച് മാർപാപ്പ

ഇസ്തംബൂൾ: ഇസ്രായേൽ പലസ്തീൻ സംഘർഷം അവസാനിപ്പിക്കാൻ ദ്വിരാഷ്ട്ര പരിഹാരമാണ് മാർഗമെന്ന് ആവർത്തിച്ച് ലിയോ പതിനാലാമൻ മാർപാപ്പ. തുർക്കി സന്ദർശനം പൂർത്തിയാക്കി ലബനാനിലേക്കുള്ള യാത്രക്കിടെയാണ് അദ്ദേഹം ഇക്കാര്യം പ്രസ്താവിച്ചത്.

തുർക്കി പ്രസിഡന്റ് റജബ് ത്വയ്യിബ് ഉർദുഗാനുമായുള്ള കൂടിക്കാഴ്ചയിൽ ഗസ്സ, യുക്രെയ്ൻ യുദ്ധങ്ങൾ പരാമർശിച്ചോ എന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന്, ഇരു സംഘർഷങ്ങളും അവസാനിപ്പിക്കാൻ തുർക്കിക്ക് നിർണായക പങ്കുവഹിക്കാൻ കഴിയുമെന്നായിരുന്നു പ്രതികരണം.

ഇസ്രായേൽ പലസ്തീൻ സംഘർഷം അവസാനിപ്പിക്കാൻ ദ്വിരാഷ്ട്ര പരിഹാരം വേണമെന്നതാണ് വത്തിക്കാന്റെ ദീർഘകാല നിലപാടെന്ന് മാർപാപ്പ പറഞ്ഞു. ഈ ഘട്ടത്തിൽ ഇസ്രായേൽ ആ പരിഹാരം അംഗീകരിക്കുന്നില്ലെന്ന് നമുക്കറിയാം. എന്നാൽ, ഇതിന് മാത്രമാണ് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയുക. ഇസ്രായേലിന്റെയും സുഹൃത്തുക്കളാണ് വത്തിക്കാൻ. അതിനാൽ, എല്ലാവർക്കും നീതി എന്ന തത്ത്വത്തിലൂന്നി ഇരു കൂട്ടരെയും സമാധാനത്തിന്റെ പാതയിലേക്ക് കൊണ്ടുവരാനാണ് ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വിസ: പുതിയ മാനദണ്ഡങ്ങൾ പ്രഖ്യാപിച്ച് ട്രംപ് ഭരണകൂടം

വാഷിംഗ്ടൺ ഡി.സി. എച്ച്1ബി വിസകളെക്കുറിച്ചുള്ള യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നിലപാടിനെ വൈറ്റ്ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് ന്യായീകരിച്ചു. ഈ വിഷയത്തിൽ ട്രംപിന് 'സൂക്ഷ്മവും യുക്തിപരവുമായ അഭിപ്രായമാണുള്ളത്' എന്ന് അവർ പറഞ്ഞു.

വിദേശ കമ്പനികൾ അമേരിക്കയിൽ വൻതോതിൽ നിക്ഷേപം നടത്തുകയും, ബാറ്ററി നിർമ്മാണം പോലുള്ള അത്യാവശ്യ മേഖലകളിൽ ഉത്പാദനം തുടങ്ങാൻ വിദേശ തൊഴിലാളികളെ കൊണ്ടുവരുകയും ചെയ്യേണ്ടിവന്നാൽ, 'തുടക്കത്തിൽ' അതിന് ട്രംപ് അനുമതി നൽകും.

ഈ നിർമ്മാണ കേന്ദ്രങ്ങളും ഫാക്ടറികളും പ്രവർത്തനക്ഷമമാക്കിയ ശേഷം, ആ ജോലികളിൽ അവസാനം അമേരിക്കൻ തൊഴിലാളികളെ തന്നെ നിയമിക്കാനാണ് ട്രംപ് ആഗ്രഹിക്കുന്നത്. കമ്പ്യൂട്ടർ ചിപ്പുകളും മറ്റ് സാധനങ്ങളും എങ്ങനെ ഉണ്ടാക്കണമെന്ന് ആളുകൾ ഞങ്ങളുടെ ആളുകളെ പഠിപ്പിക്കണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിദേശ കമ്പനികൾ യു.എസിൽ നിക്ഷേപിക്കുമ്പോൾ, അവർ എന്റെ ആളുകളെ നിയമിക്കുന്നതാണ് നല്ലത് എന്ന് ട്രംപ് മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നും ലീവിറ്റ് അറിയിച്ചു.

## ശാസ്ത്ര ഗവേഷണം വേഗത്തിലാക്കാൻ ജെനസിസ് മിഷൻ

വാഷിംഗ്ടൺ ഡി.സി: രാജ്യത്തെ ശാസ്ത്ര ഗവേഷണ ശേഷി വർദ്ധിപ്പിക്കുന്നതിനായി നിർമ്മിത ബുദ്ധി (എ.ഐ) ഉപയോഗിക്കാൻ ശാസ്ത്ര ഏജൻസികൾക്ക് നിർദ്ദേശം നൽകി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് എക്സിക്യൂട്ടീവ് ഉത്തരവിൽ ഒപ്പുവച്ചു. ജെനസിസ് മിഷൻ എന്ന് പേരിട്ടിരിക്കുന്ന ഈ പുതിയ പദ്ധതിക്ക് തിങ്കളാഴ്ചയാണ് തുടക്കമായത്.

ഊർജ വകുപ്പ് ഉൾപ്പെടെയുള്ള ശാസ്ത്ര ഏജൻസികളോട് എഐ സാങ്കേതികവിദ്യ വിപുലമായി ഉപയോഗിക്കാൻ ഈ ഉത്തരവ് നിർദ്ദേശിക്കുന്നു. ഔഷധങ്ങൾ, ഊർജ ഉത്പാദനം, എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിലെ കണ്ടെത്തലുകൾ ഇത് വേഗത്തിലാക്കും.

വൈറ്റ് ഹൗസ് ഓഫീസ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി പോളിസി മേധാവി മൈക്കിൾ ക്രാറ്റ്സിയോസ് ഇതിനെ അപ്പോളോ പ്രോഗ്രാമിന് ശേഷം ഫെഡറൽ ശാസ്ത്ര വിഭവങ്ങൾ കൂട്ടിയോജിപ്പിക്കുന്ന ഏറ്റവും വലിയ നീക്കം എന്ന് വിശേഷിപ്പിച്ചു.

സർക്കാർ കൈവശമുള്ള ശാസ്ത്രീയ ഡാറ്റാസെറ്റുകളും കമ്പ്യൂട്ടിംഗ് സൗകര്യങ്ങളും എഐ ടൂളുകൾക്ക് എളുപ്പത്തിൽ വായിക്കാൻ കഴിയുന്ന രൂപത്തിലാക്കും. ഇത് യൂണിവേഴ്സിറ്റി ഗവേഷകർക്കും സ്വകാര്യ കമ്പനികൾക്കും ദേശീയ സുരക്ഷാ വിദഗ്ദ്ധർക്കും ലഭ്യമാക്കും.

എഐ ഉപയോഗിച്ച് നൂതനമായ സിമുലേഷനുകൾ 10,000 മുതൽ 100,000 ഇരട്ടി വരെ വേഗത്തിലാക്കാൻ കഴിയുമെന്ന് അധികൃതർ അറിയിച്ചു.


സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം

പി.ഡി.എഫ് ഫയലിനോടൊപ്പം

www.timesofamericanmalayali.com

പ്രതിമാസ സാംസ്കാരിക മാസിക

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

ഈ ലക്കത്തിൽ

ഓർമകളിലെ കവിമനസ്സ്



# ഫൊക്കാന ടെക്സസ് റീജിയണൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് വിനോയ് കുര്യൻ



ടെക്സസ് റീജിയണിൽ ഫൊക്കാനയുടെ തിരഞ്ഞെടുപ്പിൽ ലീല മാരേട്ട് നയിക്കുന്ന പാനലിന് കീഴിൽ റീജിയണൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് വിനോയ് കുര്യൻ മത്സരിക്കുന്നു. കേരളത്തിന്റെയും അമേരിക്കയുടെയും സാമൂഹികസാംസ്കാരിക മണ്ഡലങ്ങളിൽ ദീർഘകാല പ്രവർത്തനപരിചയമുള്ള, ആത്മാർത്ഥതയും നേതൃപാടവവും ഒത്തുചേർന്ന വ്യക്തിത്വമാണ് വിനോയ്.

കോട്ടയം ഏറ്റുമാനൂർ സ്വദേശിയായ വിനോയ് കുര്യൻ മഹാരാഷ്ട്രയിൽനിന്നും കമ്പ്യൂട്ടർ സയൻസിൽ മാസ്റ്റേഴ്സ് ഡിഗ്രി നേടിയ ശേഷമാണ് കരിയർ ആരംഭിച്ചത്. അമേരിക്കയിലെത്തിയ ശേഷവും മലയാളി സംഘടനകളുമായി കൈകോർത്ത് സജീവ സാന്നിധ്യമായിക്കൊണ്ടാണ് ഏവരുടെയും മനസ്സിൽ ഇടംപിടിച്ചത്. സമൂഹബന്ധങ്ങളെ ശക്തിപ്പെടുത്തുക, സംഘടനകൾ തമ്മിൽ ഏകോപനം സൃഷ്ടിക്കുകഇവയാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ആധാരം.

മൂന്നുദശാബ്ദം നീളുന്ന ഐ.ടി രംഗത്തെ അനുഭവസമ്പത്തും അമേരിക്കയിലെ നിരവധിയായ മൾട്ടിനാഷണൽ കമ്പനികളിൽ പ്രവർത്തിച്ചിട്ടുള്ള പ്രവർത്തിപരിചയവും നേതൃക്ഷമതയും സാങ്കേതിക പരിജ്ഞാനവും അദ്ദേഹത്തിന്റെ സ്വീകാര്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്.

ഹൂസ്റ്റൺ സെന്റ് ജോസഫ് സിറോ മലബാർ കത്തോലിക്കാപള്ളിയിലെ അദ്ദേഹത്തിന്റെ പ്രവർത്തനം, സഭയോടുള്ള നിറഞ്ഞ സമർപ്പണത്തിന്റെ മകുടോദാഹരണമാണ്. നാല് വികാരിമാരുടെ കാലഘട്ടത്തിൽ പള്ളിക്കമ്മിറ്റി അംഗം, രണ്ടു തവണ പള്ളി കൗൺസിൽ സെക്രട്ടറി, ഒക്ലഹോമയിൽ നടന്ന ആദ്യ ഇന്റർപാരിഷ് സ്പോർട്സ് ഫെസ്റ്റിവലിന്റെ ഹൂസ്റ്റൺ കോർഡിനേറ്റർ എന്നീ നിലകളിൽ സ്തുത്യർഹമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചത്. പള്ളിയുടെ ഇരുപതാം വാർഷികാഘോഷമായ 20/20 പ്രോജക്ട് വിജയകരമായി നടത്തിയും കേരളത്തിൽ 20 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകി ജീവിതങ്ങളിൽ വെളിച്ചം പകർന്നതും അദ്ദേഹത്തിന്റെ നേതൃത്വത്തിലെ ഏറ്റവും വലിയ നേട്ടങ്ങളാണ്.

ഹൂസ്റ്റണിലെ മലയാളി സംഘടനകളിൽ കരുത്തുറ്റ സാന്നിധ്യമാണ് വിനോയ്. മാഗിൽ ലൈഫ് ടൈം അംഗവും ഒരുമയിലെ സജീവപ്രവർത്തകനുമാണ്. 2017-2019ൽ പ്രസിഡന്റും സെക്രട്ടറിയുമായി പ്രവർത്തിച്ചു. കേരള പ്രളയബാധിതർക്കായി ഗോഫണ്ട് മുഖേന ഫണ്ട് ശേഖരിച്ച് അഞ്ച് കുടുംബങ്ങൾക്ക് വ്യക്തിപരമായി സഹായം കൈമാറി. ഹാർവേ ചുഴലിക്കാറ്റിൽ ദുരിതബാധിതർക്കുള്ള സഹായങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകി. നിസ്സഹായരെ കൈപിടിച്ചുയർത്താനുള്ള മനസാണ് അദ്ദേഹത്തിന്റെ പ്രധാന സവിശേഷത. ടെക്സസ് റീജിയണിലെ മലയാളി സംഘടനകൾ തമ്മിലുള്ള ബന്ധം കൂടുതൽ സൃഷ്ടിക്കുക, പ്രാദേശിക പ്രശ്നങ്ങൾക്കുള്ള ശക്തമായ പ്രതിനിധാനം ഉറപ്പാക്കുക, സമൂഹക്ഷേമ പദ്ധതികൾ വിപുലീകരിക്കുക എന്നിവയാണ് വിനോയിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. സംയോജിപ്പിക്കുന്ന നേതൃപാടവം, ആപത്കാലങ്ങളിൽ തെളിയിച്ച പ്രവർത്തനക്ഷമത, ദീർഘവീക്ഷണം എന്നിവയും എടുത്തുപറയാവുന്ന പ്രത്യേകതകളാണ്. സേവനപരിചയവും പ്രൊഫഷണൽ മികവും ഒരുപോലെ ഒത്തിണങ്ങുന്ന സ്ഥാനാർഥി എന്ന നിലയിൽ വിനോയിയിൽ സംഘടന ഏറെ പ്രതീക്ഷ പുലർത്തുന്നു.

## ഹൂസ്റ്റൺ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ദ്വജസ്ഥംഭത്തിനായുള്ള തേക്ക് മരം മുറിക്കൽ ചടങ്ങ് 5ന്

ശ്രീഗുരുവായൂരപ്പൻ ക്ഷേത്രം, ഹൂസ്റ്റൺ നടത്തിവരുന്ന ധ്വജ പ്രതിഷ്ഠ ഒരുക്കങ്ങളുടെ ഭാഗമായി നടക്കുന്ന തേക്ക് മരം മുറിക്കൽ ചടങ്ങിലേക്ക് നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

ഈ പുണ്യചടങ്ങ് ദ്വജസ്ഥംഭ നിർമ്മാണത്തിന്റെ ആരംഭഘട്ടം ആകുന്നതോടൊപ്പം, കാണിപ്പയൂർ കൃഷ്ണൻ നമ്പൂതിരിയും ദിവാകരൻ നമ്പൂതിരിയും (ഗുരുവായൂർ ക്ഷേത്രത്തിലെ മുൻ മേൽശാന്തി) നൽകുന്ന ദിവ്യാനുഗ്രഹപരമായ മാർഗനിർദ്ദേശത്തിൽ 5ന് തൊടുപുഴ കരിംകുന്നിൽ നടക്കും.

മരം വെട്ടിയതിന് ശേഷം ഇത് ബന്ധപ്പെട്ട പൂജകൾക്കായി കേരളത്തിലെ ഒരു ക്ഷേത്രത്തിൽ ഏകദേശം മൂന്ന് മാസം മരം ശുദ്ധീകരണത്തിനായി വിധേയമാക്കിയതിനുശേഷം കപ്പൽ മാർഗം അമേരിക്കയിലേക്ക് അയക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: രാമദാസ് കണ്ടത്ത്: (925) 487 2008, അജിത് നായർ: (832) 713 1710.

1 December – **World AIDS Day**

World AIDS Day is observed on 1 December every year to raise awareness and knowledge about HIV and a call to move toward ending the HIV epidemic. It was first celebrated in 1988. The theme of 2023 is "Lead The Communities”.

# 39-ാമത് എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷം 6ന് സെന്റ് തോമസ് സിറോ മലബാർ ആഡിറ്റോറിയത്തിൽ




**ഡാനിയേൽ പി. തോമസ്**

പെൻസിൽവാനിയ: എപ്പിസ്കോപ്പൽ ഇന്ത്യയുടെ 39-ാമത് എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷങ്ങൾ 6 ശനിയാഴ്ച 2 മുതൽ സെന്റ് തോമസ് സിറോ മലബാർ ഓഡിറ്റോറിയത്തിൽ നടക്കുന്നു.

അമേരിക്കൻ നോർത്ത് ഈസ്റ്റ് മലങ്കര ഓർത്തഡോക്സ് സിറിയൻ സഭ മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കളാവോസ് നേതൃത്വം വഹിക്കും.

പെൻസിൽവാനിയയിലുള്ള 20 എപ്പിസ്കോപ്പൽ ദേവാലയങ്ങൾ പങ്കെടുക്കും. ചെയർമാൻ റവ.സന്തോഷ് ജോൺ, കോ ചെയർമാൻ റവ.ഷിബു മത്തായി, സെക്രട്ടറി സ്വപ്ന സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകും

# ഗോപിനാഥ് മുതുകാട് റോക്ക് ലാൻഡിൽ താങ്ക്സ് ഗിവിംഗ് ആഘോഷത്തിൽ പങ്കെടുത്തു



ന്യൂയോർക്ക്: മജീഷ്യനും ചാരിറ്റി പ്രവർത്തകനുമായ ഗോപിനാഥ് മുതുകാട് റോക്ക് ലാൻഡിൽ താങ്ക്സ് ഗിവിംഗ് ആഘോഷത്തിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കാസർകോട് ആരംഭിക്കുന്ന ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പ്രോജക്ടിന് 20 ഏക്കർ സ്ഥലം വാങ്ങി നൽകിയ പ്രൊഫ. എം.ടി. ലൂക്കയുടെ ഭാര്യ ലാലിയും പുത്രനും അടക്കം ഒട്ടോറെ പേർ പങ്കെടുത്തു.

പോൾ കറുകപ്പള്ളിൽ, ജോർജ് ജോൺ കല്ലൂർ, സോമി പടന്നമാക്കൽ, സ്റ്റാൻലി ജോൺ, അജു ഡാനിയൽ, രാജൻ ചാക്കോ തുടങ്ങിയവർ പങ്കെടുത്തു.

കാസർകോട് 120 കോടിയുടെ പ്രോജക്ടാണ്. അതിന്റെ ധനസമാഹരണത്തിനായി അടുത്ത മാർച്ചോടെ അമേരിക്കയിൽ വിവിധ കേന്ദ്രങ്ങളിൽ മാജിക്ക് അടക്കമുള്ള ഷോ നടത്തുമെന്ന് ഡോ. മുതുകാട് പറഞ്ഞു.

കോങ്കേഴ്സിൽ നോഹ ജോർജിന്റെ ഉടമസ്ഥതയിലുള്ള ഗ്ലോബൽ സെന്ററിൽ താങ്ക്സ് ഗിവിംഗ് ദിനത്തിൽ നടന്ന ചടങ്ങിൽ മുതുകാട് ടർക്കി മുറിക്കുകയും മറ്റുള്ളവർക്ക് നൽകുകയും ചെയ്തു.

# ഫിലഡൽഫിയയിൽ തരംഗമായി സ്നേഹതീരം കൂട്ടായ്മയുടെ ക്രിസ്തുമസ് ഗാനദിനം




**- ഷിബു വർഗീസ് കൊച്ചുമഠം**

ഗുഡ് സമരിറ്റൻ കമ്മ്യൂണിറ്റി സ്നേഹതീരം കൂട്ടായ്മയുടെ ക്രിസ്തുമസ് ഗാനദിനം ഫിലഡൽഫിയയിൽ തരംഗമായി. സ്നേഹതീരം കൂട്ടായ്മയുടെ ക്രിസ്തുമസ് ഗാനദിനം തിരുപ്പിറവിക്ക് മുൻപായുള്ള ഒരു പുതിയ തുടക്കമായി.

നവംബർ 22ന് സ്നേഹതീരം കൂട്ടായ്മയുടെ ഒരുദിനം മുഴുവൻ ക്രിസ്തുമസ് ഗാനം എന്ന ആശയം അക്ഷരാർത്ഥത്തിൽ നാടിനെ പുളകമണിയിച്ചു. സ്നേഹതീരം കൂട്ടായ്മ ഒരു വേഷം ഒരു ഗാനം ഒരു ആഘോഷം എന്ന രീതിയിൽ രാവിലെ 9ന് തുടങ്ങിയ ആഘോഷം രാത്രി 9മണി വരെ തുടർന്നു. രാവിലെ ബ്രേക്ക് ഫാസ്റ്റ് മുതൽ ഡിന്നർ. അതോടൊപ്പം, വിവിധങ്ങളായ സ്നാക്സ്. ഒരു മുഴുദിനം ഗാനലഹരിയിൽ മുഴുകിയ സന്തോഷ തരംഗമായി.

തിരുപ്പിറവിസന്ദേശം നാടിന് കൊടുക്കുവാൻ ഈ കൂട്ടായ്മയെ ഒരുക്കി എന്ന നിർവൃതിയിലാണ് എല്ലാ അംഗങ്ങളും. ഒരു മാസക്കാലമായി ഗാനപരിശീലനത്തിന് മുടക്കം വരുത്താതെ ഏവരുടെയും ഒരേ ശ്രമത്തിന്റെ വിജയമാണ് ഈ ദിവസം നടന്നത്. കഴിഞ്ഞ ഒരു മാസത്തെ സംയുക്ത ശ്രമങ്ങളും, നിരവധി ദിവസങ്ങളിലെ ഗാനപരിശീലനവും ഒത്തുചേരലുകളും ഒടുവിൽ ഒരു മഹാവിജയത്തിൽ കലാശിച്ചു. എല്ലാവർക്കും സംഘാടകൻ നന്ദി അറിയിക്കുന്നു. കോശി ഡാനിയൽ, സാജൻ തോമസ് എന്നിവരായിരുന്നു കോഡിനേറ്റർമാർ. വിപുലമായ കമ്മറ്റി ഇതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു.

## സ്നേഹതീരം കൂട്ടായ്മയുടെ നേതൃത്വത്തിൽ ഹൃദയതാളം മെഡിക്കൽ ക്ലാസ് നടന്നു

- ഷിബു വർഗീസ് കൊച്ചുമഠത്തിൽ



ഫിലഡൽഫിയ: ഗുഡ് സമരിറ്റൻ കമ്മ്യൂണിറ്റി സ്നേഹതീരവും, സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ചും സംയുകതമായി ചേർന്നുകൊണ്ട് ഹൃദയരോഗങ്ങളും പ്രതിവിധികളുംഎന്ന വിഷയത്തിൽ ഡോ.ജിക്കു സക്കറിയായും ഡോ. ഷില്ല സക്കറിയായും നയിച്ച, ഒപ്പം റവ. ഫാദർ എം. കെ കുര്യാക്കോസ്, റവ. ഫാദർ സുജിത്ത് തോമസ് എന്നിവർ പങ്കെടുത്ത ക്ലാസ്സ് നവംബർ 9ന് ഉച്ചക്ക് 12മണിക്ക് ഫിലഡൽഫിയ സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയുടെ ഹാളിൽ വച്ചു നടന്നു.

ഡോ. ജിക്കു സക്കറിയ ഡോ ഷില്ല. സക്കറിയ എന്നിവർ ക്ലാസെടുത്തു.

വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം ക്ലാസ്സ് ഇൻവിറ്റേഷൻ റെച്ചേൽ ഡേവിഡ്, ലിസ ജോൺ, എഞ്ചലീൻ മാത്യു, മാത്യൂസ് വർഗീസ് എന്നിവർ നടത്തി.

റവ ഫാ. എം കെ കുര്യാക്കോസ് ക്ലാസ് ഉദ്ഘാടനം ചെയ്തു. രാജു ശങ്കരത്തിൽ സ്വാഗതം പറഞ്ഞു. ജെസ്സി മാത്യു നന്ദി പറഞ്ഞു.

കെസിയ സക്കറിയ (കൾച്ചറൽ ഓർഡിനേറ്റർ), സാജൻ തോമസ് (ഹോസ്പിറ്റലിറ്റി ആന്റ് ഫുഡ്), കൊച്ചുകോശി ഉമ്മൻ (ട്രസ്റ്റി), ലീലാമ്മ വർഗീസ്, ജോർജ് തടത്തിൽ (ജോയിന്റ് ട്രസ്റ്റി), രാജു ശങ്കരത്തിൽ, ബിനു ജേക്കബ്, ബെന്നി മാത്യു (മീഡിയ ആന്റ് ഫോട്ടോഗ്രാഫി), കോശി ഡാനിയേൽ, അനിൽ ബാബു, വർഗീസ് ജോൺ, രാജു ശങ്കരത്തിൽ, ജോസ് സക്കറിയ, ഉമ്മൻ മത്തായി, റോയ് ചാക്കോ (പ്രോഗ്രാം ഡയറക്ടർസ്), സക്കറിയ തോമസ്, ബിജു എബ്രഹാം, സാജൻ എബ്രഹാം, ഷിബു മാത്യു (പ്രോഗ്രാം കോർഡിനേറ്റർസ്), സുജ കോശി (ജനറൽ കൺവീനർ), കൺവീനേഴ്സ് ലിലാമ്മ വർഗീസ് (ഫിനാൻസ്), ജെസ്സി മാത്യു( പ്രോഗ്രാം), ആനി സക്കറിയ (കൾച്ചറൽ) സുനിത എബ്രഹാം, ദിവ്യ സാജൻ, സജിനി അനിൽ (വനിതാ കോർഡിനേറ്റസ്), ബിനു തങ്കച്ചൻ, ഏഞ്ചലിൻ മാത്യു, ലിസ ജോൺ, മാത്യൂസ് ടി വർഗീസ്, ജോയൽ സതീഷ് (യൂത്ത് വിംഗ് കോർഡിനേറ്റർസ്), ദിനേഷ് ബേബി, തങ്കച്ചൻ സാമുവേൽ, ജെയിംസ് പീറ്റർ (ഓഡിറ്റേഴ്സ്), ജോർജ് കുര്യൻ, കുര്യൻ കൊച്ചുപിലാപറമ്പിൽ , ഗോഡലി തോമസ്, തോമസ് സാമുവേൽ, ജെയിംസ് പീറ്റർ, മാത്യു ജോർജ്, ടോം തോമസ്, ജിജു ജോർജ്, പോൾസൺ, സാബു കുഞ്ഞുകുഞ്ഞു, അലൻ ഷിബു വർഗീസ്, ലൈസാമ്മ ബെന്നി, സൂസി ജേക്കബ്, കുഞ്ഞുമോൾ തങ്കച്ചൻ (എക്സിക്യൂട്ടീവ് കമ്മറ്റി) എന്നിവർ നേതൃത്വം വഹിച്ചു.

## ഓസെമ്പിക് ഉൾപ്പെടെ 15 മരുന്നുകളുടെ വില കുറയ്ക്കാൻ മെഡികെയർ തീരുമാനം

വാഷിംഗ്ടൺ ഡിസി: യു.എസ്.എയിലെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ മെഡികെയർ ഉൾപ്പെടെയുള്ള 15 മുൻനിര മരുന്നുകളുടെ വില കുറയ്ക്കാൻ തീരുമാനിച്ചു. പ്രമേഹത്തിനും ശരീരഭാരം കുറയ്ക്കുന്നതിനും ഉപയോഗിക്കുന്ന ഓസെമ്പിക്, വെഗോവി എന്നിവ ഈ പട്ടികയിൽ ഉൾപ്പെടുന്നു.

പ്രസിഡന്റ് ജോ ബൈഡന്റെ ഭരണകൂടം കൊണ്ടുവന്നഇൻഫ്ലേഷൻ റിഡക്ഷൻ ആക്ട് പ്രകാരം ആരംഭിച്ച മരുന്ന് വിലപേശൽ പരിപാടിയിലൂടെയാണ് വിലക്കുറവ് സാധ്യമായത്.

കുറഞ്ഞ വിലകൾ 2027 മുതൽ പ്രാബല്യത്തിൽ വരും. 2026 മുതൽ പ്രാബല്യത്തിൽ വരുന്ന 10 മരുന്നുകളുടെ ആദ്യ റൗണ്ട് വിലപേശൽ നേരത്തെ പൂർത്തിയാക്കിയിരുന്നു.

ഈ വിലക്കുറവ് വഴി നികുതിദായകർക്ക് 12 ബില്യൺ ഡോളറും, മെഡികെയർ ഗുണഭോക്താക്കൾക്ക് 2027ൽ 685 മില്യൺ ഡോളറും ലാഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2 December - **National Pollution Control Day**

National Pollution Control Day is celebrated on 2 December to raise awareness about pollution and its hazardous effects. This day is observed in memory of the people who lost their lives in the Bhopal gas calamity which is considered one of the biggest industrial disasters.

2 December - **International Day for the Abolition of Slavery**: It was observed on 2 December to make people aware of the modern slavery that works against human rights. Do you know more than 40 million people in the world are victims of modern slavery? This day reminds the situations of exploitation that a person cannot refuse due to threats, violence, coercion or abuse of power.

## ഫൊക്കാന മിഡ്ടേം ജനറൽ ബോഡി മീറ്റിങ്ങ് ഏവർക്കും മാതൃകാപരം



ഫൊക്കാനയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന മിഡ് ടേം ജനറൽ ബോഡി മീറ്റിങ്ങ് മാതൃകാപരമായിരുന്നു. വ്യക്തമായ കാഴ്ചപ്പാടോടും, സമയ ക്ലിപ്തതയോടും നടത്തിയ മീറ്റിങ്ങ് അനാവശ്യ ചർച്ചകളും, വാക്കുതർക്കങ്ങളും ഒഴിവാക്കി അച്ചടക്കത്തോട് കൂടിയാണ് നടന്നത്.

പ്രസിഡന്റ് സജിമോൻ ആന്റണിയും സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും, ട്രഷറർ ജോയി ചക്കപ്പൻ, ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് എന്നിവർ സംഘടനയുടെ പ്രവർത്തനത്തെ പറ്റി വിശദമായി സംസാരിച്ചു. കഴിഞ്ഞ ഒരു വർഷത്തെ ഫൊക്കാനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനു വേണ്ടിയും സംഘടനയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും വേണ്ടിയുമാണ് മിഡ് ടെം ജനറൽ ബോഡി വിളിച്ചതെന്ന് പ്രസിഡന്റ് സജിമോൻ അറിയിച്ചു.

ഫൊക്കാനയുടെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ പോകുന്നു. ഞങ്ങളുടെ ഭാഗത്തുനിന്നും എന്തെങ്കിലും തെറ്റുകളോ കുറ്റങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കേണ്ടത് നിങ്ങളാണ്. അതിനുവേണ്ടിയാണ് ജനറൽ ബോഡി നമ്മളിവിടെ കൂടിയിരിക്കുന്നത് എന്ന് ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് അഭിപ്രായപ്പെട്ടു.

ഫൊക്കാനയുടെ മെഡിക്കൽ കാർഡ്, പ്രിവിലേജ് കാർഡ് എന്നീ രണ്ട് കാർഡുകളും സംഘടനയുടെ മുഖച്ഛായ മാറ്റിമറിച്ച കാര്യമാണ്. ഫൊക്കാനയുടെ പ്രവർത്തന ശൈലിയിലും അതിലൂടെ മാറ്റം വന്നു. ഓരോ മെഡിക്കൽ കാർഡിലൂടെയും 10000 മുതൽ 75000 രൂപ രൂപ വീതം ഡിസ്കൗണ്ട് കിട്ടിയവരുണ്ട്. സജിമോൻ ആന്റണിയിലൂടെ ഫൊക്കാനയ്ക്കൊരു ഫുൾ ടൈം പ്രസിഡന്റിനെ കിട്ടി. മെഡിക്കൽ കാർഡും പ്രിവിലേജ് കാർഡുമൊക്കെ ഇഷ്യൂ ചെയ്യുന്നതിന് കഴിഞ്ഞ ആഴ്ചകളിൽ മണിക്കൂർ ട്രാവൽ ചെയ്തിട്ട് മീറ്റിംഗ് നടത്തി ഏകദേശം 150 ഓളം കാർഡുകൾ കൊടുത്തു. ഒരു ആവറേജ് എടുത്ത് കഴിഞ്ഞാൽ 4000ത്തിനും 5000ത്തിനും ഇടയ്ക്ക് കാർഡുകൾ നമ്മുടെ കേരള കമ്മ്യൂണിറ്റിയിലെ എത്തിക്കാൻ ഫൊക്കാനയ്ക്ക് കഴിഞ്ഞു എന്ന് സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ അഭിപ്രായപ്പെട്ടു.

250ൽ അധികം മെമ്പേഴ്സുള്ള ഒരു വിമൻസ് ഫോറം ഈ ടീമിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ഫൊക്കാനയുടെ റീജിയണൽ ഇനോഗുറേഷൻ എല്ലാ റീജിയണിലും ഒന്നിനൊന്ന് മെച്ചമായി നടന്നു. ചരിത്രത്തിൽ ആദ്യമായി പ്രവർത്തനം തുടങ്ങി എല്ലാ റീജിയണൽ ഇനോഗുറേഷനുകളും 500ഉം 600ഉം പേരുള്ള ഫൊക്കാനയുടെ ഒരു മിനി കൺവെൻഷൻ തന്നെ ആയിരുന്നു. റീജണൽ കൺവെൻഷനുകളുടെ തുടക്കമായി ന്യൂയോർക്ക് (അപ്പ്സ്റ്റേറ്റ് ) റീജണൽ കൺവെൻഷനും വൻപിച്ച വിജയം ആയിരുന്നു

ചരിത്രത്തിൽ ആദ്യമായി ഫൊക്കാനക്ക് ഒരു സ്പോർട്സ് ക്ലബ്ബ് തുടങ്ങുവാൻ സാധിച്ചു. ആ സ്പോർട്സ് ക്ലബ്ബ് ന്യൂയോർക്കിൽ ഒരു ടൂർണമെന്റ് നടത്തി. ചിക്കാഗോയിൽ മറ്റൊന്ന് നടത്തുന്നു. അങ്ങനെ ഇന്ന് ഫൊക്കാന യുവാക്കളുടെ കൈകളിൽ എത്തിയിരിക്കുന്നു.

ഫൊക്കാന കേരള കൺവെൻഷൻ ഒരു ചരിത്രം സൃഷ്ടിച്ചു. മൂന്ന് ദിവസത്തെ കൺവെൻഷനിൽ സാഹിത്യ സമ്മേളനം, മീഡിയ സെമിനാർ, വിമൻസ് ഫോറം സെമിനാർ, ഭാഷക്ക് ഒരു ഡോളർ, ബിസിനെസ്സ് സെമിനാർ, സിം കേരളാ സിം എന്നിവ നടന്നു. ലൈഫ് ആൻ ഡ് ലിമ്പുമായി സഹകരിച്ചു 44 പേർക്ക് കൃത്രിമ കാലുകൾ നൽകി.

ഫൊക്കാനയിലെ പ്രവർത്തനങ്ങൾക്ക് അതിലുള്ളവർക്ക് ലഭിക്കുന്ന വരുമാനം പൂജ്യമാണെന്ന് അധ്യക്ഷ പ്രസംഗത്തിൽ പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു. എക്സിക്യൂട്ടീവ് കമ്മിറ്റിയിലെയും നാഷണൽ കമ്മിറ്റിയിലെയും ട്രസ്റ്റി ബോർഡിലെയും അംഗങ്ങൾക്കും മുൻ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അദ്ദേഹം നന്ദി അറിയിച്ചു. ഫൊക്കാനയിലെ 850 ഡെലിഗേറ്റ്സിന്റെയും പേര് തനിക്കാരോടും ചോദിക്കാതെ അറിയാമെന്നും അദ്ദേഹം അഭിമാനത്തോടെ സൂചിപ്പിച്ചു.

ഫൊക്കാനയോടുള്ള സ്നേഹം കൊണ്ട് 2013ൽ ഒരു സാധാരണ പ്രവർത്തകനായി തുടക്കം കുറിക്കുകയും 2016ൽ ഒരു നാഷണൽ കമ്മിറ്റി അംഗവും 2018ൽ ട്രഷററും 2020ൽ സെക്രട്ടറിയുമായി.ഫൊക്കാനയുടെ എല്ലാ ബോഡിയിലും ഒരു സാന്നിധ്യം അറിയിച്ച് പ്രവർത്തിച്ച് മനസ്സിലായതിനുശേഷം പ്രസിഡന്റായതാണ് തന്റെ നേട്ടമെന്ന് അദ്ദേഹം വിലയിരുത്തി. 2012 തൊട്ട് 2025 വരെ സാധാരണ ഒരു ജനറൽ ബോഡിയോ മിഡ് ടേം ജനറൽ ബോഡിയോ വിളിച്ചാൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങൾപോലും എത്തിയിരുന്നില്ല. ആ സ്ഥാനത്താണ് ഇന്ന് 200ൽ അധികം ആളുകൾ എത്തിച്ചേർന്നതെന്ന് സജിമോൻ ആന്റണി പറഞ്ഞു. കാനഡയിൽ നിന്നും ചിക്കാഗോയിൽ നിന്നും വാഷിംഗ്ടൺ ഡിസിയിൽ നിന്നുമെല്ലാം ആളുകൾ എത്തിയിട്ടുണ്ട്. ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരും സംഘടനയോടുള്ള സ്നേഹം കൊണ്ട് എത്തിച്ചേർന്നു. തന്റെ കമ്മിറ്റിയോട് പലരും റിപ്പീറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നെന്നും അതിൽ താല്പര്യമില്ലെന്നും അദ്ദേഹം തുറന്നുപറഞ്ഞു.

കൊച്ചി രാജഗിരി, പാലാ മെഡ്സിറ്റി, കിംസ് ട്രിവാൻഡ്രം, ബേബി മെമ്മോറിയൽ കോഴിക്കോട്, ബിലീവേഴ്സ് തിരുവല്ല, കാരിത്താസ് കോട്ടയം അങ്ങനെ ആറ് ഹോസ്പിറ്റലാണ് അവിടെ അഞ്ചു മുതൽ 15% വരെ ഡിസ്കൗണ്ടിൽ ഗ്രീൻ ചാനലിൽ നേരെ കേറി പോകാം. ചരിത്രത്തിൽ ആദ്യമായി കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിലും തിരുവനന്തപുരം എയർപോർട്ടിലും 10 തൊട്ട് 15% വരെ ഡിസ്കൗണ്ട് ലഭിക്കും.

കേരള കൺവൻഷൻ ഭംഗിയാക്കിയ ജോയ് ഇട്ടന് നന്ദി. 44 പേർ കാലില്ലാതെ വന്നു കാലുമായി പോയി. 148 കുട്ടികൾ നീന്തൽ പഠിച്ച് സർട്ടിഫിക്കറ്റ് നേടി. കേരളത്തിൽ ആദ്യമായാണ് ഒരു പ്രവാസി സംഘടന ഇങ്ങനെ ചെയ്യുന്നത്. 26 കുടുംബങ്ങളുടെ സർട്ടിഫിക്കറ്റ് പഠിച്ചുകഴിഞ്ഞിട്ട് ഫീസ് അടക്കാൻ ബാക്കിയുള്ളതിനെ തിരഞ്ഞു കണ്ടുപിടിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു. ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് ന്യൂജേഴ്സിയിലും ബോസ്റ്റണിലുമാണ് ആദ്യം തുടങ്ങുന്നത്. ഈ കമ്മിറ്റി നിങ്ങളുടെ എല്ലാവരുടെയും സഹകരണത്തോടുകൂടി ഫിലാഡൽഫിയയിലും ന്യൂയോർക്കിലും ചിക്കാഗോയിലുമെല്ലാം സാധാരണക്കാർക്കുള്ള ഡ്രീം പ്രൊജക്റ്റായി ഇത് മുന്നോട്ട് കൊണ്ടുപോകും- സജിമോൻ ആന്റണി വ്യക്തമാക്കി.

ട്രഷറർ ജോയി ചാക്കപ്പൻ ഫൊക്കാനയിൽ ഇലക്ഷൻ വരുന്നതിനെ സ്വാഗതം ചെയ്തു.

വൈസ് പ്രസിഡന്റ് വിപിൻ രാജ്, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, ട്രസ്റ്റീ ബോർഡ് ബിജു ജോൺ എന്നിവർ സംസാരിച്ചു. എക്സി. വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് പങ്കെടുത്ത ഏവർക്കും നന്ദി പറഞ്ഞു.

## ഫൊക്കാന നാഷണൽ കമ്മിറ്റി മെംബർ ആയി മാത്യു ചെറിയാൻ മത്സരിക്കുന്നു



ഫിലഡൽഫിയ: ഫൊക്കാനയുടെ നാഷണൽ കമ്മിറ്റിയിലേക്ക് മാത്യു ചെറിയാൻ (മോൻസി) മത്സരിക്കുന്നു.

സാമൂഹ്യ സാംസ്കാരിക പ്രവർത്തകൻ, സംഘടനാ പ്രവർത്തകൻ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തി മുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭയാണ് പെൻസിൽവേനിയാ മലയാളികളുടെ അഭിമാനമായ മാത്യു ചെറിയാൻ. കഴിഞ്ഞ ഫൊക്കാന കൺവെൻഷനിലും നിറസാന്നിധ്യമായിരുന്നു മാത്യു ചെറിയാൻ. 2023ൽ ഫിലഡൽഫിയയിൽ നടന്ന ഫൊക്കാന റീജണൽ കൺവെൻഷന് നേതൃത്വം നൽകിയവരിൽ ഒരാൾ കൂടിയാണ്. ഫൊക്കാനയുടെ നിരവധി പരിപാടികളിൽ സജീവസാന്നിധ്യമായി കഴിവ് തെളിയിച്ച അദ്ദേഹം ഫൊക്കാനയുടെ പെൻസിൽവേനിയ റീജിയന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും കൂടുതൽ സംഘടനകളെ ഫൊക്കാനയിയുടെ ഭാഗമാക്കുന്നതിലും നിർണ്ണായക പങ്ക് വഹിക്കുന്ന വ്യക്തികൂടിയാണ്.

ഫിലാഡൽഫിയായിലെ വിവിധ മലയാളീ അസോസിയേഷനുകളുമായും സഹകരിച്ചു പ്രവർത്തിക്കുന്ന മാത്യു ചെറിയാൻ, പെൻസിൽവേനിയ മലയാളി അസോസിയേഷന്റെ (പിഎംഎ) രൂപീകരണത്തിൽ മുഖ്യപങ്കുവഹിച്ച വ്യക്തിയാണ്. പി എം എയുടെ മുൻ പ്രസിഡന്റ് കൂടിയായ അദ്ദേഹത്തിന്റെ പ്രവർത്തന മികവാണ് പി എം എ ഇന്ന് ഈ റീജിയണിലെ അറിയപ്പെടുന്ന ഒരു സംഘടനയായി മാറ്റി എടുക്കുവാനും കഴിഞ്ഞത്.

ഫൊക്കാനയുടെ ഇപ്പോഴത്തെ കമ്മിറ്റിയിൽ കൺവെൻഷൻ കോർഡിനേറ്റർ ആയി പ്രവർത്തിക്കുന്ന മാത്യു ചെറിയാൻ, ഫൊക്കാനയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തന്റേതായ രീതിയിൽ വളരെ അധികം പിന്തുണ നൽകുന്ന വ്യക്തി കൂടിയാണ്. പെൻസിൽവേനിയ മലയാളികളുടെ ഏതു കാര്യങ്ങൾക്കും കൃത്യമായ ഇടപെടലുകൾ നടത്തുകയും, പെൻസിൽവേനിയ ഏരിയയിലെ എല്ലാ മലയാളികളുമായും വളരെ അധികം സുഹൃത്ബന്ധം കാത്തു സൂക്ഷിക്കുന്ന മോൻസി തന്റെ പ്രവർത്തന രീതിയിലൂടെ അമേരിക്കൻ മലയാളികൾക്ക് ഇടയിൽ സുപരിചിതനുമാണ്.

1985 ൽ അമേരിക്കയിലേക്ക് കുടിയേറിയ മാത്യു ചെറിയാൻ സ്കൂൾ കോളേജ് വിദ്യാഭ്യാസം ഫിലഡൽഫിയയിൽ നിന്നും പൂർത്തീകരിച്ചു. ഹെൽത്ത് സയൻസിൽ ബിരുദം നേടിയതിനുശേഷം ബിസിനസ് രംഗത്തേക്ക് തിരിഞ്ഞ് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു. ഇൻഫ്രാസ്ട്രക്ചർ യൂണിലിറ്റീസ് ആന്റ് ടെലികമ്യൂണിക്കേഷൻസ് നാഷണൽ വൈഡ് എന്ന സ്ഥാപനം നടത്തുന്നു.

കുടുംബമായി കിങ്ങോ പ്രഷിയായിൽ താമസിക്കുന്നു. അമേരിക്കൻ പ്രവാസി സമൂഹത്തിന് എന്നും ആവേശം പകരുന്ന യുവ തലമുറയുടെ പ്രതിനിധിയാണ് മാത്യു ചെറിയാൻ.

## ഗ്യാസൊലിൻ വിലയിൽ കുത്തനെ ഇടിവ്. ഒക്ലഹോമയിൽ ഒരു ഗാലന് 1.99 ആയി

**– എബി മക്കപ്പുഴ**

വാഷിങ്ടൺ: രാജ്യത്ത് ഗ്യാസ് (ഗ്യാസൊലിൻ) വില കഴിഞ്ഞ നാല് വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ നിരക്കിലേക്കു താഴുന്നു. ഒരു ഗ്യാലൻ ഗ്യാസിന് 3.07 ഡോളറാണ് ദേശീയ ശരാശരി വില. 2021ൽ ഗാലന് 3.39 ഡോളറും 2022ൽ 3.56 ഡോളറുമായിരുന്നു താങ്ക്സ് ഗിവിങ് സമയത്തെ ദേശീയ ശരാശരി ഗ്യാസ് വില. അമേരിക്കയിൽ ഏകദേശം 82 ദശലക്ഷം ആളുകൾ അവധിക്കാലത്ത് 50 മൈൽ ദൂരമെങ്കിലും യാത്ര ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് കഴിഞ്ഞ വർഷത്തേക്കാൾ 1.6 ദശലക്ഷം കൂടുതലാണ്. താങ്ക്സ് ഗിവിങ് യാത്രയിലെ ഏറ്റവും ഉയർന്ന റെക്കോർഡാണിത്.

കൊളറാഡോ, ന്യൂ ഹാപ്ഷർ, ജോർജിയ തുടങ്ങിയ 28ലധികം സംസ്ഥാനങ്ങളിൽ വില മൂന്ന് ഡോളറിൽ താഴെയാണ്. ഒക്ലഹോമയിലെ ചില ഗ്യാസ് സ്റ്റേഷനുകളിൽ ഒരു ഗാലന് 1.99 ഡോളർ എന്ന നിലയിൽ വില കുറഞ്ഞത് 2021ന് ശേഷം ആദ്യമാണ്. എന്നാൽ കാലിഫോർണിയ, വാഷിങ്ടൺ തുടങ്ങിയ സംസ്ഥാനങ്ങളിൽ വില ഇപ്പോഴും നാല് ഡോളറിന് മുകളിലാണ്.

ക്രൂഡ് ഓയിൽ വിലയിലുണ്ടായ വലിയ ഇടിവാണ് ഗ്യാസ് വില കുറയാനുള്ള കാരണം. കൂടാതെ, സമ്മർ സീസണിലെ തിരക്കിട്ട യാത്രകൾ അവസാനിച്ചതും ഇന്ധന ആവശ്യകത കുറയാൻ കാരണമായി. ഇതും വില കുറയാൻ കാരണമായി. ജൂൺ മുതൽ ബ്രെന്റ് ക്രൂഡ് ഓയിലിന്റെ വില ഏകദേശം 17 ശതമാനം കുറഞ്ഞ് ഒരു ബാരലിന് 63.40 ഡോളറിലെത്തി.

ഒരാഴ്ചയ്ക്ക് ശേഷം ഗ്യാസ് വില മൂന്ന് ഡോളറോ അതിൽ താഴേയ്ക്കോ താഴ്ന്നേക്കാമെന്ന് ഗ്യാസ്ബിയുടെ പെട്രോളിയം അനലിസ്റ്റ് വിഭാഗം മേധാവിപാട്രിക് ഡി ഹാൻ യാഹൂ ഫിനാൻസിനോട് പറഞ്ഞു.

## ഡാളസ് ക്രിസ്തുരാജ ദേവാലയത്തിൽ വേറിട്ട ദൃശ്യാനുഭവമായി പെട്രോസ്ദി റോക്ക്



ഡാളസ് ക്രിസ്തുരാജ ദേവാലയത്തിൽ പെരുന്നാളിനോട് അനുബന്ധിച്ച് അവതരിപ്പിക്കപ്പെട്ട പെട്രോസ്ദി റോക്ക് എന്ന സിനിമാസ്കോപ്പ് ഡ്രാമ നാടകപ്രേമികളുടെ കണ്ണും കരളും ഹഠാദാകർഷിച്ച കലാവിരുന്നായി. കുറ്റബോധത്തിന്റെ ഉമിത്തീയിൽ നീറുന്ന പത്രോസിന്റെ ജീവിതത്തെ കേന്ദ്രബിന്ദുവാക്കി മുന്നോട്ടുനീങ്ങുന്ന നാടകം വൈകാരിക മുഹൂർത്തങ്ങളും ഹൃദയസ്പർശിയായ സംഭാഷണങ്ങളും കൊണ്ട് സമ്പന്നമാണ്. ആധുനിക സാങ്കേതിക വിദ്യയെ പരമാവധി ഉപയോഗപ്പെടുത്തി വേദിയിൽ അവതരിപ്പിച്ച ഈ ഡ്രാമ കൂടുതൽ വേദികളിൽ ഫോർ ഡയമൻഷൻ നിൽ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നതെന്ന് ഇതിന്റെ അണിയറ പ്രവർത്തകർ സൂചിപ്പിച്ചു. നിറപ്പകിട്ടാർന്ന നൃത്തരംഗങ്ങളും ഉദ്വേഗഭരിതമായ സംഘട്ടന രംഗങ്ങളും, ഹൃദയഹാരിയായ ഗാനങ്ങളും ഉൾപ്പെടുത്തി എല്ലാ തലമുറയിലെ പ്രേക്ഷകർക്കും ആസ്വദിക്കാൻ കഴിയുന്ന രീതിയിൽ ആണ് ഈ ഡോകുഡ്രാമ ഒരുക്കിയിരിക്കുന്നത്.

കൂട്ടം തെറ്റിയ പക്ഷി, തളിരണിയും കാലം, ഈ സ്വപ്നതീരത്ത് എന്നീ നാടകങ്ങൾക്ക് ശേഷം ബിജോയ് തെരുവത്ത് എഴുതി സംവിധാനം ചെയ്ത് അമേരിക്കയിൽ അവതരിപ്പിക്കുന്ന നാലാമത്തെ നാടകമാണ് പെട്രോസ്ദി റോക്ക്. അതാത് പ്രദേശങ്ങളിലെ കലാകാരന്മാരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അമേരിക്കയിലെ മറ്റു നഗരങ്ങളിൽ കൂടി ഈ നാടകം അവതരിപ്പിക്കാനാണ് ആഗ്രഹിക്കുന്നതെന്ന് സൈമൺ ചാമക്കാല സൂചിപ്പിച്ചു.

## നോർത്ത് അമേരിക്കൻ സി.എസ്.ഐ. ഫാമിലി ആന്റ് യൂത്ത് കോൺഫറൻസ്: തീം പ്രകാശനം ചെയ്തു



**– പി പി ചെറിയാൻ**

ടെക്സസ്: നോർത്ത് അമേരിക്കയിലെ 35-ാമത് സി.എസ്.ഐ. ഫാമിലി ആന്റ് യൂത്ത് കോൺഫറൻസിന്റെ (ജൂലൈ 2026) ഔദ്യോഗിക തീം ലവ് ഓഫ് ക്രൈസ്റ്റ് സി.എസ്.ഐ. ചർച്ചിൽ നടന്ന പ്രത്യേക ശുശ്രൂഷയിൽ പ്രകാശനം ചെയ്തു. ക്രിസ്തുവിൽ തലമുറകളെ വളർത്തുക, ബന്ധിപ്പിക്കുക എന്നതാണ് ഈ വർഷത്തെ കോൺഫറൻസിന്റെ പ്രധാന വിഷയം.

സി.എസ്.ഐ. മധ്യ കേരളാ ഡയോസിസ് ബിഷപ്പ് റൈറ്റ്. റവ. ഡോ. സാബു കെ. ചെറിയാൻ മുഖ്യ കാർമ്മികത്വം വഹിച്ചു.

സെന്റ് ആൻഡ്രൂസ് എപ്പിസ്കോപ്പൽ ചർച്ച് പ്രീസ്റ്റ് റവ. റോയ് എ. തോമസ്, സെന്റ് ലൂക്ക്സ് എപ്പിസ്കോപ്പൽ ചർച്ച് പ്രീസ്റ്റ് റവ. ജോർജ് ജോസഫ്, ലവ് ഓഫ് ക്രൈസ്റ്റ് സി.എസ്.ഐ. ചർച്ച് പാസ്റ്റർ എമറിറ്റസ് റവ. ഡോ. മാധവരാജ് സാമുവേൽ, സി.എസ്.ഐ. കോൺഗ്രിഗേഷൻ ഓഫ് ഡാളസ് പ്രെസ്ബിറ്റർ ഇൻചാർജ് റവ. റീജീവ് സുഗു എന്നിവർ ഉൾപ്പെടെ നിരവധി വൈദികർ ചടങ്ങിൽ പങ്കെടുത്തു.

ബിഷപ്പ് ചെറിയാൻ തന്റെ പ്രസംഗത്തിൽ തലമുറകൾ തമ്മിലുള്ള വിശ്വാസ ബന്ധങ്ങളെ പരിപോഷിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു.

സഹവിശ്വാസത്തിന്റെ പ്രതീകമായി സി.എസ്.ഐ. കോൺഗ്രിഗേഷൻ ഓഫ് ഡാളസിലെ അംഗങ്ങളും ചടങ്ങിൽ സംബന്ധിച്ചു.

ബിഷപ്പും മറ്റ് സംഘാടകരും ചേർന്ന് തീം അടങ്ങിയ ബാനർ അൾത്താരയിൽ വെച്ച് ഔദ്യോഗികമായി പ്രകാശനം ചെയ്തു.

ബിഷപ്പ് ചെറിയാനെയും കൊച്ചമ്മയെയും ആദരിക്കുന്ന ചടങ്ങും നടന്നു. യുവജനങ്ങളുടെയും കുടുംബങ്ങളുടെയും ആത്മീയ അടിത്തറ ശക്തിപ്പെടുത്താൻ ലക്ഷ്യമിടുന്ന ഈ കോൺഫറൻസ് 20 വർഷത്തിനു ശേഷമാണ് ഡാളസിൽ വെച്ച് നടക്കുന്നത്.

കൂടുതൽ വിവരങ്ങൾക്കായി:
www.csinaconference.com


2 December - **World Computer Literacy Day**
It is observed on December 2 and aims to encourage the development of technological skills, mainly among children and women in India.

3 December - **World Day of the Handicapped or International Day of Persons with Disabilities**
World Day of the Handicapped is also known as the International Day of People with Disabilities (IDPD). It is observed on 3 December to raise awareness about understanding and accepting people with disabilities. The theme for 2021 was "Leadership and participation of persons with disabilities toward an inclusive, accessible and sustainable post-COVID-19 world."

## പുതിയ നേതൃത്വവുമായി നയാഗ്ര പാന്തേഴ്സ്, പ്രസിഡന്റ് ഡെന്നി കണ്ണൂക്കാടൻ







നയാഗ്രയിലെ ഹോട്ടൽ റമദയിൽ വച്ച് നടന്ന ആനുവൽ ജനറൽ ബോഡി മീറ്റിങ്ങിൽ പുതിയ ഭരണസമിതിയെ ബോർഡ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്തു. ഒരു സ്പോർട്സ് ക്ലബ് ആയി തുടങ്ങി, ചുരുങ്ങിയ കാലം കൊണ്ട് നോർത്ത് അമേരിക്കയിൽ ശക്തമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച സാഹചര്യത്തിൽ മെമ്പേഴ്സിന്റെ ആവശ്യപ്രകാരം നയാഗ്ര പാന്തേഴ്സ് കൾച്ചറൽ ഓർഗനൈസേഷനായി ഒഫീഷ്യലി രജിസ്ട്രേഷൻ മാറിയതിനു ശേഷമുള്ള ആദ്യ മീറ്റിംഗ് കൂടിയായിരുന്നു ഇത്.

വാർഷിക റിപ്പോർട്ട് സെക്രട്ടറി നിഖിൽ ജേക്കബ് അവതരിപ്പിച്ചു. നയാഗ്രയിലെ മലയാളികൾക്ക് ഉപകാരപ്രദമായ അനേകം കാര്യങ്ങൾ കഴിഞ്ഞവർഷം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തി. നന്മ മലയാളം പ്രോജക്ടിലൂടെ കേരള സർക്കാരിന്റെ കീഴിലുള്ള മലയാളം ക്ലാസും, വനിതകളുടെ വ്യായാമത്തിന് വേണ്ടിയുള്ള സൂംബഡാൻസും, വെള്ളിയാഴ്ചകളിലെ സ്പോർട്സ് സെഷനും എടുത്തുപറയേണ്ടതാണ്. എല്ലാദിവസവും നയാഗ്രയിലെ ഡൗൺ ടൗണിലുള്ള ഓഫീസ് തുറന്ന് പ്രവർത്തിച്ച്, സീനിയർ സിറ്റിസൺ കാർഡ് ഗെയിംസും മറ്റുള്ളവർക്ക് കാരം ബോർഡ് ഗെയിംസിനും അവസരമൊരുക്കി. മലയാളികൾക്ക് പകൽ സമയങ്ങളിൽ ബിസിനസ് മീറ്റിങ്ങുകൾക്കും സായംസന്ധ്യകളിൽ ഒരുമിച്ചിരുന്ന് വിശേഷങ്ങൾ പങ്കുവയ്ക്കാനും ഓഫീസ് സമുച്ചയം കൊണ്ട് ഉപകാരപ്രദമാക്കി തീർത്തു. വാർഷിക കണക്ക് ട്രഷറർ ബിബിൻ സെബാസ്റ്റ്യൻ അവതരിപ്പിച്ചു.

മുൻ ഡയറക്ടർ ബോർഡ് ചെയർമാൻ ഷെജി ജോസഫിന്റെ നേതൃത്വത്തിൽ ബോർഡ് ഓഫ് ഡയറക്ടേഴ്സ് പുതിയ 2025-2026 കമ്മിറ്റിയെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ഡെന്നി കണ്ണൂക്കാടൻ, വൈസ് പ്രസിഡന്റ് ബിബിൻ സെബാസ്റ്റ്യൻ, സെക്രട്ടറി ഡീന ജോൺ, ജോയിന്റ് സെക്രട്ടറി പ്രദീപ് ചന്ദ്രൻ, ട്രഷറർ തോമസ് ഫിലിപ്പ്, ജോയിന്റ് ട്രഷർ ഹരിദാസ് കരുമാലിൽ, പി.ആർ.ഒ നിഖിൽ ജേക്കബ്, കമ്മിറ്റി അംഗങ്ങൾ ഷിന്റോ ഡേവിസ്, വിഷ്ണു കണ്ണിട്ടായിൽ, ടിന്റു തോമസ്, റോബിൻ സെബാസ്റ്റ്യൻ, വർഷ രാജൻ, ജോയ്സ് കുര്യാക്കോസ്, സജിത്ത് എസ് പിള്ള, ജിജിൻ ഷിന്റോ, ജെന്റോ തോമസ്, ജോയ്മോൻ ജോസഫ്, ഓഡിറ്റർ ജസ്റ്റിൻ ആന്റണി, എന്റർടൈയ്മെന്റ് കോർഡിനേറ്റർമാർ ലിജോ ടോം, മഞ്ജു പ്രിൻസ്, സ്പോർട്സ് കോർഡിനേറ്റർമാർ റ്റെൽബിൻ തോമസ്, അനീഷ് വിജയൻ, വോളിബോൾ ക്യാപ്റ്റൻ അജോഷ് പാറക്കൽ, നന്മ മലയാളം കോർഡിനേറ്റർ ബെന്നി ജോസഫ്, അഡ്വൈസറി ബോർഡ് മെമ്പേഴ്സ് സ്റ്റാനി ജെ തോട്ടം, മനു എബ്രഹാം, ആസാദ് ജയൻ, സിബി തേക്കുങ്കൽ, അലക്സ് തോമസ് എന്നിവരാണ് പുതിയ കമ്മിറ്റി അംഗങ്ങൾ.

പുതിയ ഡയറക്ടർ ബോർഡ് ചെയർമാനായി ആഷ്‌ലി ജോസഫും ബോർഡ് ഓഫ് ഡയറക്ടർമാരായി ഷെജി ജോസഫ്, അനിൽ ചന്ദ്രപ്പള്ളിൽ, ബിജു ജെയിംസ്, എൽഡ്രിഡ് ജോൺ, മാത്യു ഫിലിപ്പ് എബിൻ, ലിജോ വാതപ്പള്ളിസ്, അനീഷ് കുര്യൻ എന്നിവർ സേവനമനുഷ്ഠിക്കുന്നു. നയാഗ്ര പാന്തേഴ്സിന്റെ തുടക്കക്കാരാണ് ഇവർ എന്നുള്ളതും സവിശേഷതയാണ്.

ആനുവൽ ജനറൽ ബോഡി മീറ്റിങ്ങിൽ വെച്ച് 2025-2026 വർഷത്തെ പുതിയ മെഗാ സ്പോൺസറെ അവതരിപ്പിച്ചു. നയാഗ്രയിലെ റിയലറ്റർ അനൂബ് രാജു ആണ് പുതിയ മെഗാ സ്പോൺസർ. ചെറിയ കാലയളവിനുള്ളിൽ നോർത്ത് അമേരിക്കയിൽ ശക്തമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച നയാഗ്ര പാന്തേഴ്സിന്റെ മെഗാ സ്പോൺസർ ആകുന്നതിൽ അഭിമാനം ഉണ്ടെന്ന് അനൂബ് രാജു തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു. പുതിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ വരും വർഷങ്ങളിൽ നിരവധി പരിപാടികളാണ് നയാഗ്രയെയും നോർത്ത് അമേരിക്കയെയും കാത്തിരിക്കുന്നതെന്ന് നിയുക്തപ്രസിഡന്റ് ഡെന്നി കണ്ണൂക്കാടൻ അറിയിച്ചു. 150 ഓളം പേർ പങ്കെടുത്ത ആനുവൽ ജനറൽ ബോഡി മീറ്റിംഗ് സൗഹൃദസംഗമം കൊണ്ടും സമൃദ്ധമായ അത്താഴം കൊണ്ടും സമ്പന്നമായി.

4 December - **Indian Navy Day**
Indian Navy Day is celebrated every year on 4 December to highlight the role, achievements, and difficulties that Navy people face.
5 December - **International Volunteer Day**
International Volunteer Day (IVD) is celebrated on 5 December every year. This day provides a chance for volunteers and organisations to celebrate their efforts, and values and promotes their work among their communities, etc.

## മയാമിയിൽ ചരിത്രമെഴുതി വൈദിക കൂട്ടായ്മ കൊയ്നോനിയ 2025



**- ജോയ് കുറ്റിയാനി**

മയാമി: അമേരിക്കൻ മലയാളികളുടെ ക്രൈസ്തവ ആത്മീയ യാത്രക്ക് മഹത്തായ പുത്തൻ അദ്ധ്യായം എഴുതി ചേർത്താണ് മലയാളി കത്തോലിക്ക വൈദീക സമ്മേളനത്തിന് മയാമിയിൽ തിരിതെളിഞ്ഞത്.

ഇന്ത്യൻ അമേരിക്കൻ സമൂഹത്തിൽ മാത്രമല്ല വിശാലമായ അമേരിക്കൻ കത്തോലിക്ക സമൂഹത്തിനായി അമേരിക്കയിലുടനീളം ഇന്ന് അഞ്ഞൂറോളം മലയാളി കത്തോലിക്ക വൈദീകർ ആത്മീയ അജപാലന ശുശ്രൂഷകളും അതോടൊപ്പം വിവിധ മേഖലകളിലും വൈദീകർ സേവനം ചെയ്തു വരുന്നു.

കേരളത്തിന്റെ ആഴമേറിയ ആത്മീയ വിശ്വാസ പാരമ്പര്യവും, ഇന്ത്യൻ കത്തോലിക്ക സഭാ അനുഷ്ഠാനങ്ങളും ചേരുന്ന സീറോ മലബാർ, സീറോ മലങ്കര, ലാറ്റിൻ റീത്തുകളും, ക്നാനായ സഭയും, വിവിധ സന്ന്യാസി സമൂഹങ്ങളും കോൺഗ്രിഗേഷനുകളിൽ നിന്നുമുള്ള വൈദീകരുമാണ് ചിക്കാഗോ സീറോ മലബാർ രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇദംപ്രഥമമായി സംഘടിപ്പിക്കപ്പെട്ട അമേരിക്കൻ മലയാളി കത്തോലിക്ക വൈദീക മഹാസംഗമത്തിൽ പങ്കെടുത്തത്.

കൊയ്നോനിയ 2025എന്ന് പേരുനൽകിയ ഈ വൈദീക സമ്മേളനം; വിശ്വാസ ആത്മീയ ഐക്യത്തിന്റെയും, ഭക്തിയുടേയും, കൂട്ടായ ബലിയർപ്പണത്തിന്റെയും, സഹവർത്തിത്വത്തിന്റേയും, കലാസാംസ്കാരിക വൈഭവ സമന്വയത്തിന്റെയും, അസാമാന്യമായ ഒരു മഹോത്സവമായി തീർന്നു.

നവംബർ 18, 19 തീയതികളിലായി നടന്ന ഈ സമ്മേളനത്തിൽ നൂറ്റിയമ്പതോളം വൈദീകർ പങ്കെടുത്തു.

നവംബർ 18-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് അഞ്ചുമണിക്ക് കോറൽ സ്പ്രിങ്സ് സെന്റ് എലിസബത്ത് ആന്റ് സെന്റ് കാത്തലിക് ചർച്ച് മൈതാനത്ത് എത്തിച്ചേർന്ന മയാമി ആർച്ച് ബിഷപ്പ് തോമസ് വെൻസ്കി, അമേരിക്കൻ ബിഷപ്പ് കോൺഫ്രൻസ് അംഗവും പെൻസിക്കോള ബിഷപ്പുമായ വില്യം എ വാക്ക്, ചിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് ജോയ് ആലപ്പാട്ട്, ചിക്കാഗോ രൂപതയുടെ പ്രഥമ മെത്രാൻ ബിഷപ്പ് എമിററ്റസ്, ബിഷപ്പ് ജേക്കബ് അങ്ങാടിയത്ത്, വികാർ ജനറൽമാരായ ഫാ.ജോൺ മേലേപ്പുറം, ഫാ.തോമസ് കടുകപ്പള്ളി എന്നിവരോടൊപ്പം അതിഥികളായി എത്തിയ നൂറ്റിയൻപത് വൈദികരേയും കേരള തനിമയുടെ പാരമ്പര്യം ഉണർത്തുന്ന താലപ്പൊലിയും, മുത്തുക്കുടകളും, ചെണ്ടവാദ്യങ്ങളുടേയും അകമ്പടിയോടെ, ചുവപ്പ് പരവതാനിയിലൂടെ നൈറ്റ് ഓഫ് കൊളംബസിന്റെ ഗാർഡ് ഓഫ് ഓണർ ഏറ്റുവാങ്ങി ദേവാലയത്തിലേക്ക് ഘോഷയാത്രയായി ആനയിച്ചു.

തുടർന്ന് ചിക്കാഗോ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോയ് ആലപ്പാട്ടിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൂന്ന് ബിഷപ്പുമാരുടെ സഹകാർമ്മികത്വത്തിലും 150 ളം വൈദീകരും ചേർന്ന് മലയാളത്തിൽ ഭക്തിനിർഭരമായി വിശുദ്ധ ബലിയും തിരുകർമ്മങ്ങളും അർപ്പിച്ചത് വിശ്വാസ സമൂഹത്തിന് അനിർവ്വചനീയമായ ഒരു ദൈവീകാനുഭവ സന്ധ്യയായി മാറുകയായിരുന്നു.

തുടർന്ന് അത്താഴ വിരുന്നും അതോടനുബന്ധിച്ച് നടന്ന പൊതു സമ്മേളനത്തിൽ ബിഷപ്പ് ജോയ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു.

ആർച്ച് ബിഷപ്പ് തോമസ് വെൻസ്കി, കൊയ്നോനിയയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു. മലയാളി കത്തോലിക്ക വൈദിക

## ഒരുമ ബിസിനസ് ഫോറം: ഉദ്ഘാടനവും താങ്ക്സ് ഗിവിംങ്ങും



**- ജിൻസ് മാത്യു റാന്നി**

ഹൂസ്റ്റൺ: റിവർസ്റ്റോൺ മലയാളി അസോസിയേഷൻ ഒരുമയുടെ പുതിയതായി രൂപീകരിച്ച ബിസിനസ് ഫോറത്തിന്റെ ഉദ്ഘാടനം ഫോർട്ട് ബെൻഡ് പോലീസ് ക്യാപ്റ്റൻ മനോജ് കുമാർ പൂപ്പാറയിൽ നിർവ്വഹിച്ചു.

പബ്ലിക്ക് സേഫ്റ്റി മുൻ നിർത്തി റോഡ് ട്രാഫിക്ക്, ഭവന സുരക്ഷ എന്നിവയെപ്പറ്റി ക്യാപ്റ്റൻ മനോജ് ക്ലാസ് എടുത്തു.

റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്, ഹോം ഓട്ടോ ഇൻഷുറൻസ്, ടാക്സ് എഡ്യുക്കേഷൻ, എസ്റ്റേറ്റ് പ്ലാനിംഗ്, ഫ്യൂണൽ പ്ലാനിംഗ് എന്നിവയിൽ വിദഗ്ദരായ സ്പോൺസേഴ്സ് ഒനിയെൽ കുറുപ്പ്,ജോൺ ബാബു, സുനിൽ കോര, മാത്യൂസ് ചാണ്ടപ്പിള്ള, ജോംസ് മാത്യു, ഷാജു തോമസ് എന്നിവർ ക്ലാസ് നയിച്ചു.

ഒരുമ പ്രസിഡന്റ് ജിൻസ് മാത്യു മോഡറേറ്റർ ആയിരുന്നു. വൈസ് പ്രസിഡന്റ് റീനാ വർഗീസ് സ്വാഗതവും ജയിംസ് ചാക്കോ നന്ദിയും പറഞ്ഞു.

നവീൻ ഫ്രാൻസിസ്, മേരി ജേക്കബ്, വിനോയി സിറിയക്ക്, ഡോ.ജോസ് തൈപ്പറമ്പിൽ, ഡോ.സീനാ അഷ്റഫ്, ഡോ.റെയ്നാ റോക്ക്, സെലിൻ ബാബു, ജിജി പോൾ, ജോസഫ് തോമസ്, കെ.പി തങ്കച്ചൻ എന്നിവർ നേതൃത്വം നൽകി.

മലയാളി അസോസിയേഷൻ സ്ഥാനാർത്ഥികളായ റോയി മാത്യൂ, ആൻസി കുര്യൻ, ജിൻസ് മാത്യൂ, വിനോദ് ചെറിയാൻ, ബിജു ശിവൻ, സാജൻ ജോൺ, അനില സന്ദീപ്, ജീവൻ സൈമൺ എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

## സ്ഥാനാർത്ഥിയായി ശോശാമ്മ ആൻഡ്രൂസ്

ഫൊക്കാന നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥിയായി ശോശാമ്മ ആൻഡ്രൂസ് മത്സരിക്കുന്നു. 1974ൽ അമേരിക്കയിലെത്തിയ ശോശാമ്മയുടെ ജീവിതം നിഷ്ഠയുടെയും അധ്വാനത്തിന്റെയും കഥയാണ്. റാന്നി സെന്റ് തോമസ് ഹൈസ്കൂളിൽ നിന്ന് എസ്എസ്എൽസിയും മൗലാനാ ആസാദ് മെഡിക്കൽ കോളേജിൽ നിന്ന് ജനറൽ നഴ്സിംഗും മിഡ് വൈഫറിയിൽ ഡിപ്ലോമയും പൂർത്തിയാക്കിയ ശേഷം ഇർവിൻ, ജി.ബി. പന്ത് ഹോസ്പിറ്റൽ (ന്യൂഡൽഹി) എന്നിവിടങ്ങളിൽ നഴ്സായി സേവനത്തിന്റെ പുതു അധ്യായം തുറന്നു. ബ്രൂക്ക്‌ലിനിലെ സെന്റ് ജോസഫ് കോളേജിൽ നിന്ന് ഹെൽത്ത് അഡ്മിനിസ്ട്രേഷനിൽ ബിരുദം നേടിയതിനെത്തുടർന്ന് 1975 മുതൽ 1990 വരെ ന്യൂ ഹൈഡ് പാർക്കിലെ പാർക്കർ ജ്യൂയിഷ് ആശുപത്രിയിൽ ഹെഡ് നഴ്സായി പ്രവർത്തിച്ചു. പിന്നീട് ക്വീൻസ് വില്ലേജിലെ ക്രീഡ്മോർ സൈക്യാട്രിക് സെൻററിൽ സ്റ്റാഫ് നഴ്സായി തുടങ്ങി നഴ്സ് അഡ്മിനിസ്ട്രേറ്റർ പദവിവരെ ഉയർന്ന് 2010ൽ വിരമിച്ചു.

## ഡോ. ബ്രിജിറ്റ് ജോർജ് ഫൊക്കാന അസോസിയേറ്റ് സെക്രട്ടറി ആയി മത്സരിക്കുന്നു

– പി പി ചെറിയാൻ




മികച്ച പ്രാസംഗിക, ടിവി അവതാരക, പ്രോഗ്രാം അവതാരക, മികച്ച സംഘടനാ പ്രവർത്തക, ഗായിക, മത സാംസ്കാരിക പ്രവർത്തക, ആതുര സേവന സംഘടനാ പ്രവർത്തക തുടങ്ങിയ നിലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയാണ് ഡോ.ബ്രിജിറ്റ്. 2022–24 കാലയളവിൽ ഫൊക്കാന വിമൻസ് ഫോറത്തിന്റെ ചെയർപേഴ്സണായി സ്തുത്യർഹ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ചിക്കാഗോ മലയാളി അസോസിയേഷന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്ന വനിതാ നേതാവായ ഡോ. ബ്രിജിറ്റ് അസോസിയേഷൻ ബോർഡ് മെമ്പർ, വിമൻസ് ഫോറം കോർഡിനേറ്റർ, യൂത്ത് ഫെസ്റ്റിവൽ കോർഡിനേറ്റർ എന്നീ തലങ്ങളിലും പ്രവർത്തിച്ചു.

2012ൽ ഹൂസ്റ്റണിൽ വെച്ച് നടന്ന ഫൊക്കാന കൺവൻഷനിൽ മലയാളി മങ്കയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഫൊക്കാന ഓർലാന്റോ കൺവൻഷൻ കൾച്ചറൽ കോർഡിനേറ്റർ, മലയാളി മങ്ക കോർഡിനേറ്റർ എന്നീ ഉത്തരവാദിത്വങ്ങളും വഹിച്ചിട്ടുണ്ട്.

## ജിജി കിളിയാങ്കര ആൽബനിയിലെ ക്യാപിറ്റൽ ഡിസ്ട്രിക്റ്റ് മലയാളി അസോസിയേഷൻ പ്രസിഡന്റ്



ന്യൂയോർക്ക്: അമേരിക്കയിലെ ന്യൂയോർക്കിന്റെ ക്യാപിറ്റലായ ആൽബനിയിലെ ക്യാപിറ്റൽ ഡിസ്ട്രിക്റ്റ് മലയാളി അസോസിയേഷൻ പ്രസിഡന്റ് ആയി ജിജി കിളിയാങ്കരയെ തിരഞ്ഞെടുത്തു. വൈസ് പ്രസിഡന്റ് മൃദുല മണികണ്ഠൻ, സെക്രട്ടറി മെറിൻ ജോസ്, ട്രഷറർ സന്ദനു നായർ എന്നിവരാണ്.

സെനോ ജോസഫ്, ശ്രുതി ബിനൂപ്, അലൻ മുരിക്കൻ, ശ്വേത ജോസ്, ബിജിത്ത് കുമാർ എന്നിവരാണ് കമ്മിറ്റി മെമ്പേഴ്സ്.

അസോസിയേഷൻ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നുവെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു.

ക്രിസ്മസ് കരോളിംഗ് തുടങ്ങുവാൻ ഉള്ള മീറ്റിംഗുകൾ തുടങ്ങി എന്നും, കുട്ടികളുടെ ഒരു മീറ്റിംഗ് ഉടൻ തന്നെ കൂടുന്നതായിരിക്കും എന്ന് ഭാരവാഹികൾ അറിയിച്ചു.

ജനുവരി 17നു ക്രിസ്തുമസ് ന്യൂ ഇയർ സെലിബ്രേഷൻ ആൽബനിയിലെ ജർമൻ അമേരിക്കൻ ക്ലബ്ബിൽ വച്ച് നടക്കും.

പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജിജി കിളിയങ്കര ഇൻഡോ അമേരിക്കൻ പ്രസ്സ് ക്ലബ്ബിന്റെ നാഷണൽ സെക്രട്ടറി ആയും, സിറോ മലബാർ ചർച്ചിന്റെ പ്രസിഡന്റ് ആയും ക്യാപിറ്റൽ റീജിയൻ ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും പ്രവർത്തിക്കുന്നു. ഇപ്പോൾ ന്യൂയോർക്ക് സ്റ്റേറ്റ് പ്രിസോണിന്റെ സീനിയർ റിക്രൂട്ടിംഗ് ഓഫീസറായും പ്രവർത്തിക്കുന്നു.

കേരള വിദ്യാർത്ഥി രാഷ്ട്രീയത്തിൽ തിളങ്ങി നിന്നിരുന്ന ജിജി കുര്യൻ ദേവമാത കോളേജ് യൂണിയൻ ചെയർമാനും കേരള കോൺഗ്രസ്സിന്റെ കരുത്തുറ്റ നേതാവുമായിരുന്നു. ഇപ്പോൾ പ്രവാസി കേരള കോൺഗ്രസ്സിന്റെ മുൻനിരയിൽ പ്രവർത്തിക്കുന്ന ഇദ്ദേഹം വിവിധ മലയാളി സംഘടനകളുടെ നേതൃത്വനിരയിൽ പ്രവർത്തിക്കുന്ന പരിചയസമ്പത്ത് മുതൽകൂട്ടിയാണ് ആൽബനിയിലെ ക്യാപിറ്റൽ ഡിസ്ട്രിക്റ്റ് മലയാളി അസോസിയേഷൻ പ്രസിഡന്റായി സ്ഥാനം ഏറ്റെടുക്കുന്നത്.

## ഒക്ലഹോമ ഹൈവേ പട്രോൾ ഓപ്പറേഷൻ: 76 കുടിയേറ്റക്കാർ കസ്റ്റഡിയിൽ

ഒക്ലഹോമ: ഒക്ലഹോമ ഹൈവേ പട്രോളും ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റും സംയുക്തമായി നടത്തിയ 12 മണിക്കൂർ ഓപ്പറേഷനുകൾക്ക് ശേഷം 76 കുടിയേറ്റക്കാരെ കസ്റ്റഡിയിലെടുത്തു.

സ്റ്റേറ്റ് ഹൈവേ 69ൽ ബ്രയാൻ കൗണ്ടിയിൽ വെച്ച് 160 വാഹനങ്ങൾ പരിശോധിച്ച ശേഷമാണ് അറസ്റ്റ് നടന്നത്.

ഓപ്പറേഷന്റെ ഭാഗമായി, 160 പൗണ്ട് കഞ്ചാവ് കടത്തിയതിനും തോക്കും ബോഡി ആർമറും കൈവശം വെച്ചതിനും രണ്ട് പേരെ അറസ്റ്റ് ചെയ്തു.

കൂടാതെ, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യത്തിന്റെ ദേശീയ നിലവാരം പാലിക്കാത്തതിന് ഏഴ് വാണിജ്യ വാഹന ഡ്രൈവർമാരെ കസ്റ്റഡിയിലെടുത്തു.

## വിദ്യാർത്ഥിനിയുടെ പഠനയാത്രയ്ക്ക് ഫോമാ സൗത്ത് ഈസ്റ്റേൺ റീജിയണിന്റെ കൈത്താങ്ങ്



ഫോമ സൗത്ത് ഈസ്റ്റേൺ റീജിയണിന്റെ കീഴിലുള്ള വിമൻസ് ഫോറത്തിന്റെ അഭിമുഖ്യത്തിൽ ലേഡീസ് നൈറ്റ് ഈ മാസം 14–ാം തീയതി അറ്റ്ലാന്റ ബുഫോർഡിൽ അതി ഗംഭീരമായി ആഘോഷിച്ചു.

ഈ ആഘോഷത്തിന്റെ ഭാഗമായി ഫോമ നടത്തിയ ചാരിറ്റി എഡ്യുക്കേഷണൽ ഡ്രൈവിന് ശക്തമായ പിന്തുണ ഉണ്ടായിരുന്നു. അതിലൂടെ കേരളത്തിൽ ഇടുക്കി ജില്ലയിലുള്ള ഒരു നഴ്സിങ്ങ് വിദ്യാർത്ഥിനിയ്ക്ക് അവളുടെ പഠനത്തിന് സഹായകമായ വലിയൊരു തുക സമാഹരിക്കാൻ സാധിച്ചു.

ഫോമാ സൗത്ത് ഈസ്റ്റേൺ റീജിയണിന്റെ ഭാരവാഹികളായ റീജനൽ വൈസ് പ്രസിഡന്റ് പ്രകാശ് ജോസഫ്, നാഷണൽ കമ്മിറ്റി അംഗങ്ങളായ കാജൽ സഖറിയ, ബബ്ലൂ ചാക്കോ, റീജനൽ സെക്രട്ടറി ഉഷ പ്രസാദ്, അമ്പിളി സജിമോൻ (വിമൻസ് ഫോറം) എന്നിവർ പങ്കെടുത്തു.

വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ ഭാരവാഹികളായ ചെയർപേഴ്സൺ സൈറ വർഗീസ്, ജോർജിയ വൈസ് ചെയർപേഴ്സൺ ഫെമിന ചുക്കാൻ, സൈത്ത് കരോളിൻ വൈസ് ചെയർമാൻ സുമൻ വർഗീസ്, ജോയിന്റ് സെക്രട്ടറി ഷഭ്ന ഷുക്കൂർ, ട്രഷറർ ശ്രീജ ശശിധരൻ, എക്സിക്യൂട്ടീവ് അംഗങ്ങളായ അഞ്ചു അരുൺ, അഞ്ജന ഗോപൻ, കവിത ദീപക് എന്നിവർ ധനസമാഹരണത്തിനു നേതൃത്വം നൽകി.

## ലീഗ് സിറ്റി മലയാളി സമാജം ഭവനദാന പദ്ധതിയുടെ ആദ്യ ഗഡു കൈമാറി




– ജീമോൻ റാന്നി

ടെക്സാസ്: ഭവനരഹിതർക്ക് സൗജന്യ ഭവനനിർമ്മാണ പദ്ധതിയുടെ ആദ്യ ഗഡു ഓർമ്മ വില്ലേജിനു കൈമാറി.

കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഭവനരഹിതർക്ക് വീടുകൾ വെച്ചു നൽകുന്ന പദ്ധതി ഈ വർഷമാണ് ലീഗ് സിറ്റി മലയാളി സമാജം തുടക്കം കുറിച്ചത്. പദ്ധതിയുടെ ആരംഭമായി കൊല്ലം ജില്ലയിലെ ഓർമ്മ വില്ലേജിൽ ആദ്യ ഭവനത്തിന്റെ നിർമാണം ഏകദേശം പൂർണമാക്കുകയും ഇതുവരെയുള്ള നിർമാണതുക ഓർമ്മ വില്ലേജിന് വേണ്ടി ജോസ് പുന്നൂസിന് കൈമാറുകയും ചെയ്തു. ഭവന നിർമാണ പ്രവർത്തനങ്ങൾ സംഘടനാ വൈസ് പ്രസിഡന്റ് സോജൻ ജോർജ് നേരിട്ട് സന്ദർശിച്ചു വിലയിരുത്തി.

ലീഗ് സിറ്റി മലയാളി സമാജത്തിലെ സന്മനസ്സുകളായ അംഗങ്ങളിൽ നിന്നുമാണ് ഇതിനുള്ള തുക കണ്ടെത്തിയത്. എല്ലാ കാലത്തും സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി ഒരുപാടു നല്ല പ്രവർത്തികൾ ചെയ്യുന്ന ഒരു സംഘടനയാണ് ലീഗ് സിറ്റി മലയാളി സമാജം. മുൻ വർഷങ്ങളിൽ ഒട്ടേറെപ്പേർക്ക് ചികിത്സാ സഹായങ്ങൾ, അതുപോലെ കേരളത്തിൽ ജല പ്രളയം ഉണ്ടായപ്പോൾ മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു വലിയ സംഭാവന എന്നിങ്ങനെയുള്ള പ്രവർത്തികൾ ചെയ്ത് സംഘടന കേരളത്തോടൊപ്പം ഉണ്ട് എന്ന് തെളിയിക്കുകയുണ്ടായി.

ഇനിയും കൂടുതൽ വീടുകൾ വരും വർഷങ്ങളിലും നിർമിച്ചു നൽകണമെന്നാണ് സംഘടനയുടെ ആഗ്രഹമെന്ന് പ്രസിഡന്റ് ബിനീഷ് ജോസഫ് അറിയിച്ചു. സെക്രട്ടറി ഡോ. രാജ്കുമാർ മേനോൻ പരിപാടികൾക്ക് നേതൃത്വം നൽകി.

കൂടുതൽ വിവരങ്ങൾക്ക്: പ്രസിഡന്റ് ബിനീഷ് ജോസഫ് 409 256 0873, സെക്രട്ടറി ഡോ. രാജ്കുമാർ മേനോൻ 262 744 0452.

5 December - **World Soil Day**

World Soil Day is observed on 5 December to raise awareness about the importance of soil, healthy ecosystems, and human well-being.

6 December - **BR Ambedkar's death anniversary**

On 6 December 1956, he passed away. The day is observed to commemorate his unforgettable contribution to society and his achievements.

6 December - **National Microwave Oven Day**

It is observed on 6 December to celebrate and honour the invention that has made their lives easier by making it convenient and faster for them to cook and reheat food.

## സിനിമ വിനോദം മാത്രമല്ല, മറിച്ച് ആത്മാവിനെ പ്രചോദിപ്പിക്കുന്നതുമാണ്: പാപ്പാ

– ഫാ. ജിനു തെക്കേത്തലക്കൽ



വത്തിക്കാൻ സിറ്റി: 1895 ഡിസംബർ ഇരുപത്തിയെട്ടിന്, ലൂമിയർ സഹോദരങ്ങൾ ആദ്യമായി സിനിമ പൊതുപ്രദർശനം നടത്തിയതിന്റെ നൂറ്റിമുപ്പതാം വർഷത്തിൽ, ആഗോളതലത്തിൽ സിനിമാലോകത്ത് പ്രവർത്തിക്കുന്ന ആളുകളുമായി നവംബർ മാസം പതിനഞ്ചാം തീയതി ലിയോ പതിനാലാമൻ പാപ്പാ കൂടിക്കാഴ്ച നടത്തി. സിനിമാലോകത്തിനു മനുഷ്യരാശിയുടെ ജീവിതത്തിൽ, കൂടുതൽ ആഴത്തിലുള്ള യാഥാർത്ഥ്യങ്ങൾ പ്രകടമാക്കാൻ കഴിഞ്ഞുവെന്നും, ജീവിതത്തെ കുറിച്ച് കൂടുതൽ ധ്യാനിക്കുവാനും, മനസിലാക്കുവാനും, മഹത്വവും ദുർബലതയും, തിരിച്ചറിയുവാനും, ഗൃഹാതുരത്വത്തെ വ്യാഖ്യാനിക്കാനും സാധിച്ചുവെന്നും ആമുഖമായി പാപ്പാ പറഞ്ഞു.

സിനിമ വെറുമൊരു വിനോദത്തിനുള്ള കലയല്ലായെന്നും, മനുഷ്യന്റെ ആത്മീയസാഹസികതയുമായി അനുസ്യൂതം അത് ബന്ധപ്പെട്ടിരിക്കുന്നുവെന്നും പാപ്പാ എടുത്തു പറഞ്ഞു. സിനിമയുടെ ഏറ്റവും വിലയേറിയ സംഭാവനകളിലൊന്ന് പ്രേക്ഷകനെ തന്നിലേക്ക് തന്നെ മടങ്ങാൻ സഹായിക്കുക, സ്വന്തം അനുഭവത്തിന്റെ സങ്കീർണ്ണതയെ പുതിയ കണ്ണുകളോടെ കാണുവാൻ സഹായിക്കുക എന്നതാണെന്നും, അപ്രകാരം മനുഷ്യന്റെ പ്രത്യാശയെപ്പോലും ചലനാത്മകമാക്കുന്നുവെന്നും പാപ്പാ കൂട്ടിച്ചേർത്തു.

കലയ്ക്ക് ഏകാഗ്രത ആവശ്യമാണെന്നതുപോലെ, സിനിമയിലൂടെ ആഗ്രഹങ്ങളുടെയും ഓർമ്മകളുടെയും ചോദ്യങ്ങളുടെയും ഒരു വഴിത്തിരിവാണെന്നും, അതിനാൽ ഹൃദയത്തിന്റെ ഉള്ളറകളിലേക്ക് മനുഷ്യനെ പ്രവേശിപ്പിക്കുവാൻ സിനിമ എന്ന കല വളരെ വലിയ പങ്കു വഹിക്കുന്നുണ്ടെന്നും പാപ്പാ പറഞ്ഞു. സിനിമാശാലകൾ, തിയേറ്ററുകൾ തുടങ്ങിയ സാംസ്കാരിക ഘടനകൾ നമ്മുടെ പ്രദേശങ്ങളുടെ ഹൃദയമിടിപ്പാണെന്നും, കാരണം അവ അവയുടെ മാനുഷിക വൽക്കരണത്തിന് സംഭാവന ചെയ്യുന്നുവെന്നും പാപ്പാ സന്ദേശത്തിൽ അനുസ്മരിച്ചു. എന്നാൽ ഇന്നത്തെ ആധുനിക സംവിധാനങ്ങൾ ജീവിതത്തിൽ സ്വാധീനം ചെലുത്തുമ്പോൾ, ആധികാരികമായ സിനിമകൾ, നമ്മെ ആശ്വസിപ്പിക്കുക മാത്രമല്ല, വെല്ലുവിളിക്കുകയും ചെയ്യുന്നുവെന്നും പാപ്പാ ചൂണ്ടിക്കാട്ടി.

ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും റോമിലേക്ക് വരുന്ന പലരെയും പോലെ, ഭാവനയുടെ തീർത്ഥാടകരായും, അർത്ഥം അന്വേഷിക്കുന്നവരായും, പ്രത്യാശയുടെ കഥപറച്ചിലുകാരായും, മാനവികതയുടെ സന്ദേശവാഹകരായും സിനിമ പ്രവർത്തകർ പ്രവർത്തിക്കുന്നതിൽ തനിക്കുള്ള സന്തോഷവും പാപ്പാ പങ്കുവച്ചു.

മികച്ച സിനിമ വേദനയെ ചൂഷണം ചെയ്യുന്നില്ല: അത് അവയെ അനുഗമിക്കുകയും, അന്വേഷിക്കുകയും ചെയ്യുന്നുവെന്ന് പറഞ്ഞ പാപ്പാ, മനുഷ്യന്റെ അന്തസ്സ് സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സിനിമകളുടെ ആധികാരികത വീണ്ടെടുക്കുവാൻ ഏവരെയും ആഹ്വാനം ചെയ്തു. സിനിമയുടെ പിന്നണിയിൽ അറിയപ്പെടാതെ പ്രവർത്തിക്കുന്നവരെക്കുറിച്ചും പാപ്പാ എടുത്തു പറഞ്ഞു. അർത്ഥം തേടുന്നവരുടെ ഭവനമായും, സമാധാനത്തിന്റെ ഭാഷയായും, സിനിമ എന്നും ഒരു സംഗമ സ്ഥലമായിരിക്കട്ടെയെന്നും പാപ്പാ ആശംസിച്ചു.

## കാനഡയുടെ പുരാവസ്തുക്കൾ തിരിച്ചുനൽകി വത്തിക്കാൻ

വത്തിക്കാൻ സിറ്റി: കോളനിവാഴ്ചക്കാലത്ത് കാനഡയിലെ തദ്ദേശവാസികളുടെ വികാരം മാനിക്കാതെ ശേഖരിച്ച് വത്തിക്കാൻ മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്ന 62 പുരാവസ്തുക്കൾ ലിയോ പതിനാലാമൻ മാർപാപ്പ കാനഡ കത്തോലിക്കാ മെത്രാൻ സമിതിക്കു കൈമാറി. 1925ൽ വിശുദ്ധവർഷാചരണത്തിന്റെ ഭാഗമായി വത്തിക്കാൻ ഗാർഡൻസിൽ നടന്ന ആഗോള മിഷനറി പ്രദർശനത്തിനായി കാനഡയിൽനിന്നു കൊണ്ടുവന്നതായിരുന്നു ഇവ.

അന്നത്തെ കാനഡ സർക്കാർ തദ്ദേശവാസികളുടെ സംസ്കാരത്തെ മാനിക്കാതെ നിർബന്ധമായി നിയമങ്ങൾ അടിച്ചേൽപ്പിച്ചപ്പോൾ അവിടുത്തെ കത്തോലിക്കാ മിഷനുകൾ അതിനുവേണ്ട ഒത്താശ ചെയ്തുവെന്ന വിവാദം ഏറെക്കാലമായുണ്ട്. 2022ൽ കാനഡയിലെ തദ്ദേശവാസികളുടെ പ്രതിനിധിസംഘം വത്തിക്കാൻ സന്ദർശിച്ചപ്പോൾ ഫ്രാൻസിസ് മാർപാപ്പ ഇതിനു മാപ്പു പറയുകയും നീതിപൂർവമല്ലാതെ കൊണ്ടുവന്ന പുരാവസ്തുക്കൾ തിരിച്ചുകൊടുക്കുന്നതു സംബന്ധിച്ച് ചർച്ചനടത്തുകയും ചെയ്തിരുന്നു.

## ഓർമ ഇന്റർനാഷണൽ അമേരിക്ക 250, ആനന്ദത്തിന്റെ ആഘോഷം നടന്നു



– ജോർജ് നടവയൽ

ഫിലഡൽഫിയ: ഓർമ ഇന്റർനാഷണൽ അമേരിക്ക 250, ആനന്ദത്തിന്റെ ആഘോഷമായിരിക്കുമെന്ന് ഇന്ത്യൻ അമേരിക്കൻ വനിതാ യുവതലമുറയുടെ തിളങ്ങുന്ന മുഖവും, രോഗി പരിചരണ സമർപ്പണത്തിന്റെയും വൈദ്യ പരിചരണ ലാളിത്യത്തിന്റെയും അതുല്യമായ വൈഭവത്തിന് പേരുകേട്ട റവറന്റ് സിസ്റ്ററുമായ സിസ്റ്റർ ഡോ. ജോസ്‌ലിൻ എടത്തിൽ എസ്ഐസി, എംഡി, പിഎച്ച്ഡി പറഞ്ഞു. ഓർമ ഇന്റർനാഷണൽ സെലിബ്രേഷൻ കൗൺസിൽ സംഘടിപ്പിച്ച സ്വീകരണമായിരുന്നു വേദി.

ഓർമ ഇന്റർനാഷണൽ പിആർഓ മെർലിൻ അഗസ്റ്റിൻ സിസ്റ്റർ ഡോ. ജോസ്‌ലിൻ എടത്തിലിനെ റോസാപ്പൂ നൽകി സ്വീകരിച്ചു. ഫിലാഡൽഫിയയിലെ മലയാളി സംഘടനയായ കലയുടെ (കേരള ആർട്സ് ആൻഡ് ലിറ്റററി അസോസിയേഷൻ ഓഫ് അമേരിക്ക) സ്ഥാപക പിതാവും മുൻ ഫോമാ (ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ്) പ്രസിഡന്റും കമ്മ്യൂണിറ്റി നേതാവുമായ ജോർജ് മാത്യുവിനെ (സി.പി.എ.) ഓർമ ഇന്റർനാഷണൽ ലീഡറും ബോർഡ് ചെയർമാനുമായ ജോസ് ആറ്റുപുറം വിശിഷ്ടാതിഥിയായി ആദരിച്ചു. ഓർമ ഇന്റർനാഷണൽ പ്രസിഡന്റ് സജി സെബാസ്റ്റ്യൻ, ഓർമ ഇന്റർനാഷണൽ സെലിബ്രേഷൻ കൗൺസിൽ ചെയർമാൻ ജോർജ് നടവയൽ, ഓർമ ഇന്റർനാഷണൽ ടാലന്റ് പ്രൊമോഷൻ ചെയർ ജോസ് തോമസ്, ആലീസ് ജോസ്, സ്വപ്ന സെബാസ്റ്റ്യൻ, ജോ തോമസ് എന്നിവർ ആശംസകൾ നേർന്നു. നിമ്മീ റോസ് ദാസാണ് ഓർമ ഇന്റർനാഷണൽ സെലിബ്രേഷൻ കൗൺസിൽ ജനറൽ സെക്രട്ടറി.

രോഗി പരിചരണം, ഭക്തി, ലാളിത്യം എന്നിവയിൽ മികവിന്റെ മാതൃകയായ സിസ്റ്റർ ഡോ. ജോസ്‌ലിൻ എടത്തിൽ, ആതുര പരിചരണ മേഖലയിലെ മികവിലൂടെ ദൈവസ്നേഹത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിന് സമർപ്പിതയാണ്. ടെമ്പിൾ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ ഇന്റേണൽ മെഡിസിൻ ഫിസിഷ്യനും, ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ ലൂയിസ് കാറ്റ്സ് സ്കൂൾ ഓഫ് മെഡിസിനിൽ ക്ലിനിക്കൽ മെഡിസിൻ അസോസിയേറ്റ് പ്രൊഫസറും, ടെമ്പിൾ ഹെൽത്തിൽ മുൻ കോ ചീഫ് പേഷ്യന്റ് എക്സ്പീരിയൻസ് ഓഫീസറുമാണ് സിസ്റ്റർ ഡോ. ജോസ്‌ലിൻ. പെൻസിൽ വേനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് മെഡിസിനിൽ നിന്ന് എംഡിയും പിഎച്ച്ഡിയും നേടി. ഫിലഡൽഫിയ മാഗസിൻ, സിസ്റ്റർ ഡോ.ജോസ്‌ലിൻ എടത്തിലിനെ 2023-2025 വർഷത്തിൽ, ഇന്റേണൽ മെഡിസിനിലെ മികച്ച ഡോക്ടർമാരുടെ പട്ടികയിൽ ഉൾപ്പെടുത്തി. 2013ൽ, ടെമ്പിൾ യൂണിവേഴ്സിറ്റി ഫിലഡൽഫിയ കൗണ്ടി മെഡിക്കൽ സൊസൈറ്റി ഡോ.ജോസ്‌ലിനെ വനിതാ അപ്പാദോരൈ വൈദ്യ അവാർഡ് ഫോർ ഹ്യൂമാനെസ് ഇൻ മെഡിസിൻ അവാർഡ്നൽകി ആദരിച്ചു. ധാർമ്മികത, വൈവിധ്യം, മെഡിക്കൽ വിദ്യാഭ്യാസം എന്നിവയിലുള്ള ഡോ. ജോസ്‌ലിന്റെ ക്ലിനിക്കൽ താൽപ്പര്യങ്ങൾ; രോഗി കേന്ദ്രീകൃത പരിചരണത്തിലെ ഗവേഷണ താൽപ്പര്യങ്ങൾ; ആത്മീയ വിളിയോടുള്ള സമർപ്പണം; അമേരിക്കൻ കോളേജ് ഓഫ് ഫിസിഷ്യൻസിലും (2010 മുതൽ) സൊസൈറ്റി ഓഫ് ഹോസ്പിറ്റൽ മെഡിസിനിലും (2017 മുതൽ) അംഗത്വം എന്നീ സവിശേഷതകൾ, സിസ്റ്റർ ഡോ. ജോസ്‌ലിൻ എടത്തിലിനെ യുവ ഇന്ത്യൻ അമേരിക്കനുകളുടെ തിളക്കമാർന്ന മുഖമായി ഉയർത്തുന്നു. യുവ ഡോക്ടർ, ദൈവവിളിയിൽ സമർപ്പിതയായ റവറന്റ് സിസ്റ്റർ എന്നെല്ലാമുള്ള ഡോ. ജോസ്‌ലിൻ എടത്തിലിന്റെ ഐഡന്റിറ്റി ലോകസമാധാനത്തോടുള്ള ആഴമായ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. ഈ പ്രതിബദ്ധതയിലൂടെ, ആത്മാവ് മനസ്സ് ശരീരം എന്ന ത്രിത്വത്തിൽ ശാന്തി പ്രസരിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ക്ലിനിക്കൽ മികവ്, ധാർമ്മിക നേതൃത്വം, ആത്മീയ കാരുണ്യം എന്നിവയുടെ അപൂർവ മിശ്രിതമാണ് സിസ്റ്റർ ഡോ. ജോസ്‌ലിൻ.

ഓർമ ഇന്റർനാഷണൽ സെലിബ്രേഷൻ കൗൺസിലിന്റെ ദൗത്യം അമേരിക്കൻ പ്രഭാവത്തിന്, അമേരിക്കൻ മലയാളികൾ നൽകിയ വിലപ്പെട്ട സംഭാവനകളെ എടുത്തുകാണിക്കുക എന്നതാണ്. ഓർമ ഇന്റർനാഷണൽ സെലിബ്രേഷൻ കൗൺസിൽവിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും വേദികളിലും അമേരിക്കൻ ജീവിതത്തിന് അമേരിക്കൻ മലയാളികൾ നൽകിയ സംഭാവനകളെ എടുത്തുകാണിക്കും. 2026 ഓഗസ്റ്റ് 15ന്അമേരിക്ക 250 വാർഷിക ആഘോഷങ്ങളിൽവൈവിദ്ധ്യമാർന്ന സാംസ്കാരിക മേളകളും കലാ സാഹിത്യ സാംസ്കാരിക മത്സരങ്ങളും രാഷ്ട്രീയ നേതൃ സംഗമവും കലാ സായാഹ്നവും അവാർഡ് നിശയും അവതരിപ്പിക്കും. അമേരിക്കയിലെ ഒന്നും രണ്ടും മൂന്നും തലമുറയിലെ മലയാളികളുടെ നേട്ടങ്ങൾ ഈ പരിപാടിയിൽ ഉയർത്തിക്കാട്ടും. രാഷ്ട്രീയ നേതാക്കൾ, സാമൂഹിക പ്രവർത്തകർ, ആത്മീയ നേതാക്കൾ, വിദ്യാഭ്യാസ വിദഗ്ധർ, കലാകാരന്മാർ, എഴുത്തുകാർ, ചലച്ചിത്ര കലാകാരന്മാർ, കായികതാരങ്ങൾ, ശാസ്ത്രജ്ഞർ, ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾ, നഴ്സുമാർ, അധ്യാപകർ, ഡോക്ടർമാർ, ബിസിനസുകാർ, പത്രപ്രവർത്തകർ തുടങ്ങി വിവിധ മേഖലകളിൽ മികവ് പുലർത്തിയ അമേരിക്കൻ മലയാളികളെയും അവർ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനങ്ങളെയും കേന്ദ്രീകരിച്ചായിരിക്കും പരിപാടികൾ.

## ട്രാൻസ്ജെൻഡർ ദിനം സാൻ അന്റോണിയോയിൽ ആചരിച്ചു

സാൻ അന്റോണിയോ: ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് നേരെയുള്ള കൊലപാതകങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനായുള്ള ട്രാൻസ് ഡേ ഓഫ് റിമംബറൻസ് ദിനമായി നവംബർ 20നെ സാൻ അന്റോണിയോ മേയർ ഗീന ഓർട്ടിസ് ജോൺസ് ആചരിച്ചു.

രാജ്യത്ത് ട്രാൻസ്ജെൻഡർ കൊലപാതകങ്ങൾ ഏറ്റവും കൂടുതലായി നടക്കുന്ന സംസ്ഥാനം ടെക്സാസാണെന്ന് ഒരു സോഷ്യൽ മീഡിയ വീഡിയോയിൽ മേയർ ജോൺസ് ചൂണ്ടിക്കാട്ടി. വർണ്ണവിവേചനം നേരിടുന്ന ട്രാൻസ് വനിതകളെയാണ് ഇത് കൂടുതലായി ബാധിക്കുന്നതെന്നും അവർ പറഞ്ഞു.

സാൻ അന്റോണിയോ പോലീസ് ഡിപ്പാർട്ട്മെന്റുമായി ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിക്കുള്ള വിശ്വാസക്കുറവിനെക്കുറിച്ചും മേയർ സംസാരിച്ചു.

# ഭക്ഷ്യ സ്റ്റാമ്പുകൾ പുനരാരംഭിച്ചെങ്കിലും ലക്ഷക്കണക്കിന് ആളുകൾക്ക് ആനുകൂല്യങ്ങൾ നഷ്ടമാകും

– പി പി ചെറിയാൻ

വാഷിംഗ്ടൺ ഡി.സി: സർക്കാർ ഷട്ട്ഡൗൺ അവസാനിച്ചതോടെ താൽക്കാലികമായി നിർത്തിവെച്ച ഭക്ഷ്യ സ്റ്റാമ്പ് ആനുകൂല്യങ്ങൾ (ഫുഡ് സ്റ്റാമ്പ്സ്) പുനരാരംഭിച്ചത് ദശലക്ഷക്കണക്കിന് അമേരിക്കക്കാർക്ക് ആശ്വാസമായി. എന്നാൽ, റിപ്പബ്ലിക്കൻ പാർട്ടിയുടെ പുതിയ നികുതിചെലവ് നിയമം കാരണം ലക്ഷക്കണക്കിന് ആളുകൾക്ക് ഫെഡറൽ ഭക്ഷ്യ സഹായം സ്ഥിരമായി നഷ്ടമാവാനുള്ള സാധ്യതയുണ്ടെന്ന് റിപ്പോർട്ട്.

അമേരിക്കയിലെ ഏറ്റവും വലിയ ദാരിദ്ര്യ നിർമാർജന പദ്ധതിയായ സപ്ലിമെന്റൽ ന്യൂട്രീഷൻ അസിസ്റ്റൻസ് പ്രോഗ്രാമിൽ നിന്നുമാണ് വരുന്ന മാസങ്ങളിൽ ദശലക്ഷക്കണക്കിന് പേർ പുറത്താകാൻ സാധ്യതയുള്ളത്.

പുതിയ നിയമത്തിലെ വ്യവസ്ഥകൾ സാമൂഹിക സുരക്ഷാ വലയത്തിന് പതിറ്റാണ്ടുകൾക്കിടയിലെ ഏറ്റവും വലിയ തിരിച്ചടിയാകുമെന്നാണ് വിലയിരുത്തൽ.

പുതിയ നിയമപ്രകാരം, രക്ഷിതാക്കൾക്കും പ്രായമായവർക്കും കർശനമായ തൊഴിൽ ആവശ്യകതകൾ പാലിക്കേണ്ടി വരും. ഇത് കൂടാതെ, പതിനായിരക്കണക്കിന് നിയമപരമായ കുടിയേറ്റക്കാർക്കും അഭയാർത്ഥികൾക്കും അടക്കം എസ്.എൻ.എ.പി ആനുകൂല്യങ്ങൾ നഷ്ടമാകും.


പ്രതിദിനം ശരാശരി 6 ഡോളർ വീതം ഏകദേശം 4.2 കോടി ആളുകൾക്ക് (40% കുട്ടികൾ) എസ്.എൻ.എ.പി ആനുകൂല്യം നൽകുന്നുണ്ട്. ഈ വെട്ടിക്കുറവ് പദ്ധതിയുടെ ചരിത്രത്തിലെ ഏറ്റവും വലുതായിരിക്കുമെന്ന് സെന്റർ ഓൺ ബഡ്ജറ്റ് ആൻഡ് പോളിസി പ്രയോറിറ്റീസ് പോലുള്ള സ്ഥാപനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ഏകദേശം 2,50,000 അഭയാർത്ഥികൾക്കും മറ്റ് മാനുഷിക വിസയുള്ളവർക്കും എസ്.എൻ.എ.പി മാറ്റങ്ങൾ കാരണം ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന് ഹിയാസ് എന്ന ജൂത നോൺ പ്രോഫിറ്റ് സ്ഥാപനം കണക്കാക്കുന്നു.

പുതിയ, കർശനമായ തൊഴിൽ വ്യവസ്ഥകൾ പാലിക്കുന്നതിന് മൂന്ന് മാസത്തെ സമയമാണ് സംസ്ഥാനങ്ങൾ അപേക്ഷകർക്ക് നൽകിയിട്ടുള്ളത്. നിയമപരമായ കുടിയേറ്റക്കാർ ഉൾപ്പെടെയുള്ള ചില വിഭാഗക്കാർക്ക് ഉടൻ തന്നെ എസ്.എൻ.എ.പി ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നുണ്ട്.

# ഫാ. ഗീവറുഗീസ് ജേക്കബ് ചാലിശ്ശേരി നോർത്ത് അമേരിക്കൻ മലങ്കര അതിഭദ്രാസന വൈദിക അസോസിയേഷൻ സെക്രട്ടറി

– വർഗീസ് പാലമലയിൽ



വിർജീനിയ: നോർത്ത് അമേരിക്കൻ മലങ്കര അതിഭദ്രാസന വൈദിക അസോസിയേഷൻ സെക്രട്ടറിയായി റവ. ഫാ. ഗീവറുഗീസ് ജേക്കബ് ചാലിശ്ശേരി തെരഞ്ഞെടുക്കപ്പെട്ടു. യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ 36 –ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിനോട് അനുബന്ധിച്ച് വിർജീനിയയിൽ വെച്ച് നടന്ന വൈദിക യോഗത്തിൽ വെച്ചാണ് അച്ചനെ തെരഞ്ഞെടുത്തത്. ന്യൂജേഴ്സി വാണാക്യു സെന്റ് ജെയിംസ് സിറിയൻ ഓർത്തഡോക്സ് പള്ളി വികാരി കൂടിയാണ് അദ്ദേഹം.

അമേരിക്കൻ അതിഭദ്രാസന സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, കൗൺസിൽ അംഗം എന്നീ നിലകളിൽ അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. അച്ചന് ലഭിച്ച പുതിയ നിയോഗമാണ് വൈദിക സെക്രട്ടറി പദവി. വന്ദ്യ ഗീവറുഗീസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പ, റവ. ഫാ.ആകാശ് പോൾ, റവ. ഫാ.എബി മാത്യു, റവ.ഫാ. ഷെറിൽ മത്തായി, റവ.ഫാ. മാർട്ടിൻ ബാബു എന്നിവരാണ് പുതിയ വൈദിക കൗൺസിൽ അംഗങ്ങൾ.

തൃശൂർ ഭദ്രാസനത്തിലെ ചാലിശ്ശേരി പള്ളി ഇടവകാംഗമായ ഗീവറുഗീസ് അച്ചൻ ബാഹ്യകേരള ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി അമേരിക്കൻ ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്തുവരുന്നു.

തൃശൂർ ഭദ്രാസനത്തിലെ സീനിയർ വൈദികനായ വന്ദ്യ ജേക്കബ് ചാലിശ്ശേരിൽ കോർ എപ്പിസ്കോപ്പയുടെ പുത്രനാണ്. ബസ്കിയാമ്മ ഷീജ ഗീവറുഗീസ് അങ്കമാലി ഭദ്രാസനത്തിലെ ദിവംഗതനായ കൈപ്രമ്പാട്ട് ഏലിയാസ് കോർ എപ്പിസ്കോപ്പയുടെ പുത്രിയാണ്. അബിൻ, അജിൻ, ആരൺ എന്നിവർ മക്കൾ.

7 December - **Armed Forces Flag Day**
Armed Forces Flag Day is observed across the country on 7 December to collect funds from the common people and honour the martyrs and the men who fought with bravery on the borders to safeguard the country's honor.

# നഴ്സിംഗ് വിദ്യാർത്ഥികൾക്കായി വേൾഡ് മലയാളി കൗൺസിൽ നൽകുന്ന സ്കോളർഷിപ്പിന്റെ ആദ്യ ഘട്ട വിതരണം ഫെബ്രുവരി 25ന്

തിരുവനന്തപുരം: സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന നഴ്സിംഗ് വിദ്യാർത്ഥികൾക്കായി വേൾഡ് മലയാളി കൗൺസിൽ നൽകുന്ന സ്കോളർഷിപ്പിന്റെ ആദ്യ ഘട്ട വിതരണം 2026 ഫെബ്രുവരി 25ന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടക്കും. ആദ്യ ഘട്ടത്തിൽ 25 നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കും.

വിദ്യാർത്ഥികളുടെ അപേക്ഷകൾ ബന്ധപ്പെട്ട ഡബ്ല്യുഎംസി ഭാരവാഹികളുടെ ശുപാർശയോടുകൂടി താഴെപ്പറയുന്ന ഇമെയിൽ വിലാസത്തിലേക്ക് അയയ്ക്കണം: wmcglobal2527@gmail.com



അപേക്ഷകർ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മലയാളി വിദ്യാർത്ഥികൾ ആയിരിക്കണം എന്നത് ഉറപ്പാക്കുക. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 2025 ഡിസംബർ 31.

ലഭിക്കുന്ന എല്ലാ അപേക്ഷകളും ഡബ്ല്യുഎംസിക്കു പുറത്തുള്ള സ്വതന്ത്ര കമ്മിറ്റിയാണ് പരിശോധിച്ച് അന്തിമ പട്ടിക ഗ്ലോബൽ ഓഫീസർമാർക്ക് സമർപ്പിക്കുക. സ്കോളർഷിപ്പ് പദ്ധതിക്ക് ആവശ്യമായ മുഴുവൻ തുകയും സ്പോൺസർ ചെയ്തിരിക്കുന്നത് ഗ്ലോബൽ പ്രസിഡന്റായ ഡോ. ബാബു സ്റ്റീഫനാണ്. വിവിധ കലാപരിപാടികളോട് കൂടിയ ഈ മഹത്തായ ചടങ്ങിൽ മന്ത്രിമാരും, രാഷ്ട്രീയ, സാമൂഹിക, കലാരംഗങ്ങളിലെ പ്രമുഖരും പങ്കെടുക്കും.

# താങ്ക്സ് ഗിവിങ്ങ് ആഘോഷ കൂട്ടായ്മ ഒരുക്കി ഡാളസ് ജോയ് മിനിസ്ട്രി




ഡാളസ്: ക്രിസ്തു രാജ ക്നാനായ കത്തോലിക്ക ഇടവക സീനിയർ ഗ്രൂപ്പ് അഗങ്ങളുടെ ജോയ്മിനിസ്ട്രി താങ്ക്സ് ഗിവിങ്ങ് കൂട്ടായ്മ ഏവർക്കും നവ്യാനുഭവമായി. ദൈവത്തിന് കൃതജ്ഞത അർപ്പിച്ച് കൊണ്ട് വികാരി ഫാ. ബിൻസ് ചേത്തലിൽ വി. കുർബ്ബാന അർപ്പിച്ചു.

സെന്റ് പയസ് ടെൻത് ഹാളിൽ നടന്ന കൂട്ടായ്മയിൽ പ്രസിഡന്റ് തിയോഫിൽ ചാമക്കാല എല്ലാവരെയും പ്രത്യേകം സ്വാഗതം ചെയ്തു. തുടർന്ന് വികാരി ഫാ.ബീൻസ് ചേത്തലിൽ സെമിനാർ നയിക്കുകയും പഴയ ഭാരവാഹികൾ ചെയ്ത സേവനത്തിന് പ്രത്യേകം നന്ദി അർപ്പിക്കുകയും ചെയ്തു. എക്സിക്യൂട്ടിവ് അംഗം ജോയി വരുകുകാലായിൽ വിവിധ കലാപരിപാടികൾക്ക് നേതൃത്വം നൽകി.

2026– 2027 വർഷത്തേക്ക് പുതിയ എക്സിക്യൂട്ടീവ് അംഗങ്ങൾ ആയി തിയോഫിൽ ആന്റ് ലീലാമ്മ ചാമക്കാല, അലക്സ് ആന്റ് സാറാമ്മ മാക്കീൽ കല്ലിടുക്കിൽ, തോമസ് ആന്റ് ട്രെയിസി മുകളിൽ, തോമസ് ആന്റ് ഡോളി ചാമക്കാല, മത്തച്ചൻ ആന്റ് ഗ്രേസി കട്ടപ്പുറം എന്നിവരെ തിരഞ്ഞെടുത്തു. കലാപരിപാടികൾക്കും മീറ്റിംഗിനും ശേഷം എല്ലാവരും താങ്ക്സ് ഗിവിങ്ങ് ഭക്ഷണം കഴിച്ച് പിരിഞ്ഞു.

# ഫോബി പോൾ ഫൊക്കാന ന്യൂ ഇംഗ്ലണ്ട് റീജിയൻ ആർവിപി ആയി മത്സരിക്കുന്നു



സംഘടനാ രംഗത്തും സാമൂഹിക മേഖലയിലും ശക്തമായ പ്രവർത്തനമികവ് കൈമുതലായുള്ള ഫോബി പോൾ ഫൊക്കാന ന്യൂ ഇംഗ്ലണ്ട് റീജിയൻ ആർവിപി ആ യി ഫിലിപ്പോസ് ഫിലിപ്പിന്റെ പാനലിൽ മത്സരിക്കുന്നു.

ഐടി പ്രൊഫഷണലായ ഫോബി പോൾ കേരള അസോസിയേഷൻ ഓഫ് കണക്ടിക്കട്ടിന്റെ പ്രസിഡന്റായി (2023) മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുകയുണ്ടായി. ആക്ടിംഗ് ബിഒഡി (2024–25) ആയും പ്രവർത്തിക്കുന്നു.

കുരുത്തുറ്റ നേതൃത്വം മുഖമുദ്രയായ ഫോബി പോളിന്റെ നേതൃത്വം എക്കാലത്തും ഫൊക്കാനക്ക് നേട്ടമായിരിക്കുമെന്ന് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സ്ഥാനാർഥി സന്തോഷ് നായർ, ട്രഷറർ സ്ഥാനാർഥി ആന്റോ വർക്കി എന്നിവർ അഭിപ്രായപ്പെട്ടു.

# ഗാർലാൻഡ് സിറ്റി ടാക്സ് ഇൻക്രിമെന്റ് ഫിനാൻസ് ബോർഡ് മെമ്പർ പി. സി. മാത്യുവിനെ ആദരിച്ചു

**- പി. പി. ചെറിയാൻ**




ഡാളസ്: ഗാർലാൻഡ് സിറ്റി ടാക്സ് ഇൻക്രിമെന്റ് ഫിനാൻസ് ബോർഡ് മെമ്പറും ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ ഗ്ലോബൽ പ്രസിഡന്റും സാമൂഹ്യ പ്രവർത്തകനുമായ പി. സി. മാത്യുവിനെ ഗാർലാൻഡ് സിറ്റി ബോർഡ് ആൻഡ് കമ്മീഷൻസ് വാർഷിക സമ്മേളനത്തിൽ ആദരിച്ചു. തന്റെ അകമഴിഞ്ഞ സേവനം 2023- 2025 കാലയളവിൽ സീനിയർ സിറ്റിസൺസ് അഡ്വൈസറി കമ്മീഷനിൽ കാഴ്ച വച്ചതിനാലാണ് മനോഹരമായ ഗാർലാൻഡ് സിറ്റിയുടെ ലോഗോ പതിപ്പിച്ച പ്ലാക്ക് നൽകി ആദരിച്ചത്. മേയർ ഡിലൻ ഹെഡ്രിക്ക് പ്ലാക്ക് പി. സി മാത്യുവിന് കൈമാറിയപ്പോൾ സദസ് കൈയ്യടിയോടെ ആഹ്ലാദം പങ്കുവെച്ചു. സിറ്റി കൗൺസിൽ മെമ്പർമാരും, മറ്റു ബോർഡ് ആൻഡ് കമ്മീഷൻസ് അംഗങ്ങളും സിറ്റിയുടെ വിവിധ ഡിപ്പാർട്മെൻറ് സ്റ്റാഫുകളും പങ്കെടുത്തു സമ്മേളനം ആകർഷകമാക്കി. ടെക്സാസ് റേഞ്ചേഴ് റേഡിയോ ബ്രോഡ് കാസ്റ്റർ എറിക് നാഡർ മുഖ്യ പ്രഭാഷണം നടത്തി.

സീനിയർ പൗരന്മാർക്കായി 17.4 മില്യൺ ഡോളർ ബജറ്റിൽ 27,000 ചതുരശ്ര അടി വലിപ്പത്തിലുള്ള ആക്റ്റിവിറ്റി സെന്റർ പണി ആരംഭിച്ചതായും ഇത് ഏകദേശം രണ്ടു വർഷത്തിനകം പൂർത്തിയാകുമെന്നും പി.സി. മാത്യു പറഞ്ഞു. ഗാർലാൻഡ് ടൗൺടൗണിന് സമീപമാണ് ഈ കെട്ടിടം നിർമ്മിക്കുന്നത്. ഈ ബിൽഡിംഗ് പണിയുടെ ലക്ഷ്യം എന്താണെന്നു വെച്ചാൽ സീനിയർ പൗരന്മാർക്കായുള്ള പരിപാടികൾ, ആരോഗ്യപരിചരണം, സാമൂഹിക പ്രവർത്തനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക എന്നുള്ളതാണ്. ഗെയിം റൂം, വ്യായാമ, ഫിറ്റ്നസ് റൂമുകൾ, വാക്കിംഗ് ട്രാക്ക്, സൗകര്യമുള്ള ആർട്സ് ആന്റ് ക്രാഫ്റ്റ്സ് റൂം, ലൈബ്രറി, കമ്പ്യൂട്ടർ ആക്സസ് റൂം, ഡൈനിംഗ്, കിച്ചൻ, മൾട്ടിപർപ്പസ് പ്രോഗ്രാം റൂമുകൾ, തുറസായ സാമൂഹിക, വിനോദ മേഖല ഉൾപ്പെടെ പല സൗകര്യങ്ങളും ഈ ബിൽഡിങ്ങിൽ ഉണ്ടാവും. ഗാർലാൻഡിലെ എല്ലാ സീനിയർമാരുടെയും ജീവിത നിലവാരം ഉയർത്താൻ സഹായിക്കുന്ന ഒരു വലിയ നേട്ടമാണിതെന്നും സീനിയർമാർ ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തണമെന്നും പി. സി. മാത്യു അഭ്യർത്ഥിച്ചു.

കഴിഞ്ഞ മെയ് മാസത്തിലെ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ പി.സി. ഗാർലാൻഡ് മേയർ സ്ഥാനത്തേക്ക് മത്സരിക്കുകയും തന്റെ സാമൂഹ്യ പ്രതിബദ്ധത തെളിയിക്കുകയും ചെയ്തിരുന്നു. 2021ൽ ഡിസ്ട്രിക്ട് 3ൽ നടന്ന തിരഞ്ഞെടുപ്പിൽ ആദ്യ മത്സരത്തിലൂടെ തന്നെ റണ്ണർഅപ്പ് സ്ഥാനത്തെത്തിയ പി.സി. തന്റെ രാഷ്ട്രീയസാമൂഹ്യ യാത്ര തുടരുകയാണെന്നും, ദൈവാനുകൂല്യം ലഭിക്കുന്ന പക്ഷം 2027ൽ ഡിസ്ട്രിക്ട് 3 കൗൺസിൽ സ്ഥാനത്തേക്ക് മത്സരിക്കുമെന്നുമാണ് അദ്ദേഹം ഒരുചോദ്യത്തിന് മറുപടിയായി വ്യക്തമാക്കിയത്. ഇപ്പോഴത്തെ കൗൺസിൽ അംഗത്തിന്റെ കാലാവധി തീരുന്നതിനാലാണെന്നും പി. സി. കൂട്ടിച്ചേർത്തു.

# ഗ്രീൻകാർഡ് അപേക്ഷകൾ വേഗത്തിൽ പ്രോസസ്സ് ചെയ്യുന്നതായി ക്രിസ്റ്റി നോം

**- പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡി സി: ട്രംപ് ഭരണകൂടം ഗ്രീൻകാർഡ് വിസ പ്രോസസിങ് വേഗത്തിൽ പൂർത്തിയാക്കുന്നതിനു നടപടികൾ സ്വീകരിച്ചതായി ഹോംലാൻഡ് സെക്യൂരിറ്റി സെക്രട്ടറി ക്രിസ്റ്റി നോം പറഞ്ഞു. കൂടാതെ, ഈ ഭരണകൂടം മുമ്പ് കാണാത്ത വിധം നിരവധി പേരെ യുഎസ് പൗരന്മാരായി മാറ്റു കയാണെന്നും നോം കൂട്ടിച്ചേർത്തു.

ട്രംപ് ഭരണകൂടത്തിന്റെ കീഴിൽ, പ്രോസസ്സുകൾ വേഗത്തിലാക്കുകയും വിസ പദ്ധതികളുടെയും ഗ്രീൻ കാർഡിന്റെയും വിശ്വാസ്യത കൂട്ടുകയും ചെയ്തിട്ടുണ്ട്. കൂടുതൽ പേർ ഇപ്പോൾ പൗരന്മാരായിട്ടുണ്ട്- നോം പറഞ്ഞു.

അതേസമയം, യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് ചരിത്രത്തിലെ ഏറ്റവും വലിയ ഇമിഗ്രേഷനു പദ്ധതികൾ സ്വീകരിച്ചിട്ടുണ്ട്. കണക്കുകൾ അനുസരിച്ച് 11.3 ദശലക്ഷം അപേക്ഷകൾ നിലവിൽ ഉള്ളതായി പറയുന്നു.

ട്രംപ് ഭരണകൂടത്തിന്റെ ഹാർഡ്‌ലൈൻ വേ ഡീപോർട്ടഷൻ നയത്തിന്റെ ഭാഗമായുള്ള വിപരീത ഫലങ്ങൾ ഒരു വശത്തും മറ്റൊരു വശത്ത് കൂടുതൽ നിയമപരമായ ഇമിഗ്രന്റ്സ് പൗരന്മാരായി മാറുന്നു.

# റോക് ലാൻഡ് ഇന്ത്യൻ ഹെറിറ്റേജ് ആഘോഷം നടന്നു




ന്യൂയോർക്ക്: റോക് ലാൻഡ് കൗണ്ടി ലെജിസ്ലേച്ചർ ഡോ. ആനി പോളിന്റെ നേതൃത്വത്തിൽ പാലി സേഡ് സെന്റർ മാളിൽ ഇൻഡ്യൻ ഹെറിറ്റേജ് ഡേ ആഘോഷിച്ചു.

ന്യൂയോർക്കിലെ ഇന്ത്യൻ കോൺസുലേറ്റിൽ നിന്നുള്ള കോൺസൽ പ്രജ്ഞ സിംഗ്, ഐ. സി. എച്ച് എ എ പ്രസിഡന്റ് മാത്യു വർഗീസ്, സ്റ്റേറ്റ് സെനറ്റർ ബിൽ വെബർ, കൗണ്ടി ക്ലർക്ക് ലെജിസ്ലേറ്റർ ടോണി ഏൾ, ലെജിസ്ലേറ്റർ പോൾ ക്ലീയറി, എൻ എ എസി പി സ്പ്രിംഗ് വാലി പ്രസിഡന്റ് വില്ലി ട്രാറ്റ്മാൻ, പോൾ കറുകപ്പിള്ളി, ഫിലിപ്പോസ് ഫിലിപ്പ്, സജി പോത്തൻ, നോവ ജോർജ്, പി.ടി. തോമസ്, ജോസ് ചാരുംമൂട്, റോയ് ആന്റണി, വിശ്വനാഥൻ കുഞ്ഞു പിള്ള, ഡൈന തോമസ് എന്നിവർ പങ്കെടുത്തു.

# ഫോമാ ലാസ് വേഗസ് കുടുംബസംഗമം വൻവിജയമായി



**- പന്തളം ബിജു**

ലാസ് വേഗസ്: ഫോമാ വെസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ ലാസ് വേഗസിൽ നടത്തിയ ഫാമിലി നൈറ്റ് പങ്കാളിത്തം കൊണ്ടും പരിപാടികളുടെ മികവ് കൊണ്ടും വൻവിജയമായി. ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

റീജിയണൽ വൈസ് പ്രസിഡന്റ് ജോൺസൺ ജോസഫിന്റെയും ബിസിനസ് ചെയർ ബിജു സക്കറിയായുടെയും നേതൃത്വത്തിൽ നടന്ന പരിപാടിയിൽ റീജിയനിൽ നിന്നുള്ള എല്ലാ അംഗസംഘടനകളും പങ്കെടുത്തു. ആർവിപി ജോൺസൺ, എല്ലാവരെയും സദസ്സിന് പരിചയപ്പെടുത്തി സ്വാഗതം ചെയ്തു. അമേരിക്കയിലൂടനീളമുള്ള ഫോമാ പ്രവർത്തകർ പങ്കെടുത്ത ഈ പരിപാടി മലയാളികളുടെ സംഘടനാ ശക്തി വിളിച്ചോതുന്നതായി അദ്ദേഹം എടുത്ത് പറഞ്ഞു.

ചെയർമാൻ റെനി പൗലോസിന്റെ ഈശ്വര പ്രാർത്ഥനയോടെ തുടക്കം കുറിച്ച പൊതു പരിപാടിയിൽ എലൈൻ സജി അമേരിക്കൻ ദേശീയഗാനവും, നിർമല സജിത്ത്, വിനിത സുകുമാരൻ എന്നിവർ ഇൻഡ്യൻ ദേശീയഗാനവും ആലപിച്ചു.

ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, ഫോമ മുൻപ്രസിഡന്റ് ജോൺ ടൈറ്റസ്, ബിസിനസ് ചെയർ ബിജു സക്കറിയ എന്നിവർ ആശംസകൾ നേർന്നു.

മിസ് കാലിഫോർണിയ ടീൻ ഫസ്റ്റ് റണ്ണർ അപ്പ് എലൈൻ സജിയെ സദസിൽ ആദരിച്ചു. സജി കപ്പാട്ടിലിന്റെയും ഡോ. രശ്മി സജിയുടെയും പുത്രിയാണ്. ഡോക്ടർ മഞ്ജു പിള്ളയുടെ നേതൃത്വത്തിൽഫാഷൻ ഷോ നടന്നു.

നാഷണൽ നേതാക്കളായ ഫോമാ ബൈലോ കമ്മിറ്റി ചെയർമാൻ ജോൺ സി. വർഗീസ്, നാഷണൽ കമ്മറ്റി അംഗങ്ങളായ തോമസ് കർത്തനാൽ, മോളമ്മ വർഗീസ്, ബിജു തോണിക്കടവിൽ, മാത്യു വർഗീസ്, അനു സ്കറിയ, ബിനോയ് തോമസ്, രേഷ്മ രഞ്ജൻ, സാമുവൽ മത്തായി, ജിഷോ തോമസ്, രാജു പള്ളത്ത്, മോൻസി വർഗീസ് എന്നിവരെ പ്രത്യേകം ആദരിച്ചു.

നാഷണൽ കമ്മിറ്റി അംഗങ്ങളായ സുജ ഔസോ, സജൻ മൂലേപ്ലാക്കിൽ, ഡോ. മഞ്ജു പിള്ള, ആഗ്നസ് ബിജു, റീജിയണൽ ട്രഷറർ മാത്യു ചാക്കോ, വൈസ് ചെയർമാൻ ജോസഫ് ഔസോ, ജോയിന്റ് സെക്രട്ടറി സെൽബി കുര്യാക്കോസ്, പി.ആർ.ഒ പന്തളം ബിജു തോമസ്, ജാസ്മിൻ പരോൾ, ഡോ.രശ്മി സജി, രാജൻ ജോർജ്, ജാക്സൺ പൂയപ്പാടം, പോൾ ജോൺ, ഷാൻ പരോൾ, സർഗംപ്രസിഡന്റ് വിൽസൺ നെച്ചിക്കാട്ട്, കൊളറാഡോ മലയാളി അസോസിയേഷൻ പ്രസിഡന്റ് വിമൽ ആൻഡ്രൂസ്, മങ്ക പ്രസിഡന്റ് പത്മപ്രിയ പാലോട്ട്, കേരള അസോസിയേഷൻ ഓഫ് ലാസ് വേഗസ് പ്രസിഡന്റ് ഡോ.തോംസൺ ചെംപ്ലാവിൽ, സെക്രട്ടറി ഡേവിഡ് പറപ്പിള്ളി എന്നിവർ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചു.

കേരള അസോസിയേഷൻ ഓഫ് ലാസ് വേഗാസിന്റെ വമ്പിച്ച പങ്കാളിത്തവും ശ്രദ്ധേയമായി.

ലോസ് ആഞ്ചൽസിൽ നിന്നുമുള്ള ആസ്ഥാന ഗായകനായ ബിജു മാത്യുവിന്റെ ലൈവ് ഗാനമേള ഇടവേളകളിൽ പരിപാടികൾക്ക് കൊഴുപ്പേകി. സെക്രട്ടറി സജിത് തൈവളപ്പിൽ ഏവർക്കും നന്ദി രേഖപ്പെടുത്തി.

7 December - **International Civil Aviation Day**
International Civil Aviation Day is observed on 7 December worldwide to raise awareness about its importance to the social and economic development of States and the role that ICAO plays in International air transport.

8 December- **Bodhi Day**
Every year on December 8, Bodhi Day is observed all over the world, usually under various names. To honor Gautam Buddha and his preachings, it typically occurs on the eighth day of the 12th month of the lunisolar calendar.

## ഫൊക്കാന ന്യൂ യോർക്ക് മെട്രോ ആർ.വി.പി ആയി റെജി വർഗീസ് മത്സരിക്കുന്നു



ന്യൂയോർക്ക്: പ്രവർത്തന മികവ് മുഖമുദ്രയായ റെജി വർഗീസ് ഫൊക്കാന ന്യൂയോർക്ക് മെട്രോ റീജണൽ വൈസ് പ്രസിഡണ്ടായി ഫിലിപ്പോസ് ഫിലിപ് നേതൃത്വം നൽകുന്ന ടീം ഇന്റഗ്രിറ്റി പാനലിൽ മത്സരിക്കുന്നു.

മൂന്നു പതിറ്റാണ്ടിലേറെയായി അമേരിക്കയിലെ മലയാളി സമൂഹ്യ, സാംസ്കാരിക, സാമുദായിക മേഖലകളിലെ സജീവ സാന്നിധ്യമായ റെജി, ജീവകാരുണ്യ പ്രവർത്തനങ്ങളിലും മുൻനിരയിലുണ്ട്. ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റിയിൽ സ്റ്റാറ്റൻഐലന്റ് മലയാളി അസോസിയേഷന്റെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ തുടങ്ങിയ വിവിധ പദവികളിൽ റെജി വർഗീസ് തിളക്കമാർന്ന പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്.

സാമൂഹ്യ പ്രവർത്തനത്തോടൊപ്പം തന്നെ രാഷ്ട്രീയ രംഗത്തും, ആദ്ധ്യാത്മിക രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള റെജി, ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസിന്റെ ന്യൂയോർക്ക് ചാപ്റ്റർ ട്രഷറർ എന്ന നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഏറ്റവും മനോഹരമായ സ്റ്റാറ്റൻഐലന്റ് സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിന്റെ നിർമ്മാണ വേളയിൽ ഉടനീളം കർമനിരതമായി പ്രവർത്തിച്ച ബിൽഡിംഗ് കമ്മിറ്റി ട്രഷററായിരുന്നു.

ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ബിരുദധാരിയായ അദ്ദേഹം പല വ്യവസായങ്ങളുടേയും ഉടമയാണ്.

## ഫാൻസിമോൾ പള്ളാത്തുമഠം ഫൊക്കാന ടെക്സസ് റീജിയണൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നു



ഫൊക്കാനയുടെ 2026-28 കാലയളവിൽ ലീലാ മാരേട്ട് നയിക്കുന്ന പാനലിൽ ടെക്സസിൽ നിന്നും റീജിയണൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ഫാൻസിമോൾ പള്ളാത്തുമഠം മത്സരിക്കുന്നു. പ്രശസ്ത സാമൂഹ്യ പ്രവർത്തകയും, സംരംഭകയും, ആരോഗ്യപരിപാലന രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഫാൻസിമോൾ ഇപ്പോൾ ടെക്സാസ് റീജിയൻ പ്രസിഡന്റാണ്.

നല്ല ഒരു റീജിയണൽ ഉദ്ഘാടനം നടത്തി എല്ലാവരുടേയും ശ്രദ്ധ പിടിച്ചുപറ്റിയ ഫാൻസിമോൾ ഫൊക്കാനയ്ക്ക് ഒരു വലിയ മുതൽക്കൂട്ടാണ്. പൂനെ എ.എഫ്.എം.സിയിൽ നിന്നും ബിഎസ്.എൻ ബിരുദം കരസ്ഥമാക്കിയശേഷം എം.ബി.എയും എടുത്ത് ഹെൽത്ത് കെയർ രംഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചു.

അമേരിക്കയിൽ എത്തിയശേഷം ഹെൽത്ത് കെയർ അഡ്മിനിസ്ട്രേഷനിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും പ്രവർത്തന മേഖല വിപുലീകരിക്കുകയും ചെയ്തു. മൂന്നു വ്യത്യസ്തങ്ങളായ ലബോറട്ടറികളുടെ സ്ഥാപകയും സി.ഇ.ഒ ആയും പ്രവർത്തിക്കുന്ന അവർ ഹെൽത്ത് കെയർ കമ്പനികൾക്കും ഹെൽത്ത് കെയർ പ്രൊഫഷണൽസുകൾക്കുമായി കൺസൾട്ടിംഗ് സ്ഥാപനങ്ങളും നടത്തുന്നു.

മലയാളി സമൂഹത്തിനും ഇന്ത്യൻ സമൂഹത്തിനാകമാനവും അഭിമാനിക്കാവുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു. അമേരിക്കയിൽ സാമൂഹ്യ പ്രവർത്തന രംഗത്ത് നിറസാന്നിധ്യമായ ഫാൻസിമോൾ പള്ളാത്തുമഠത്തിന്റെ സാന്നിധ്യം ഫൊക്കാനയ്ക്ക് ഏറെ ഗുണം നൽകുമെന്നതിൽ സംശയമില്ല.

## അഫ്ഗാൻ പാസ്പോർട്ട് ഉടമകൾക്ക് വിസ നിർത്തിവെച്ചു

വാഷിങ്ടൺ ഡി.സി: രണ്ട് നാഷണൽ ഗാർഡ് അംഗങ്ങൾക്ക് നേരെ വെടിവെപ്പുണ്ടായതിനെ തുടർന്ന്, അഫ്ഗാൻ പാസ്പോർട്ട് ഉപയോഗിച്ച് യാത്ര ചെയ്യുന്ന എല്ലാ വ്യക്തികൾക്കുമുള്ള വിസകൾ യു. എസ്. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് നിർത്തിവെച്ചു. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഭരണകൂടത്തിന്റെ കുടിയേറ്റ നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണിത്. 'പൊതു സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി അഫ്ഗാൻ പാസ്പോർട്ടിൽ യാത്ര ചെയ്യുന്നവർക്ക് വിസ നൽകുന്നത് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് താൽക്കാലികമായി നിർത്തിവെച്ചതായി സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ എക്സിലൂടെ സ്ഥിരീകരിച്ചു. അടുത്ത കാലത്തേക്കുള്ള എല്ലാ അഭയാർഥി അപേക്ഷകളിന്മേലുള്ള തീരുമാനങ്ങളും തടഞ്ഞുവെച്ചതായി യു.എസ്. ഇമിഗ്രേഷൻ അധികൃതർ അറിയിച്ചു.

## ചിക്കാഗോ കെ സി എസ് ക്നാനായ നൈറ്റ് 2025 പ്രൗഢ ഗംഭീരമായി



ചിക്കാഗോ: ഗ്ലെൻ എലനിലെ കോളേജ് ഓഫ് ഡ്യൂപേജിൽ വച്ച് നടന്ന ക്നാനായ നൈറ്റ് 2025 പ്രൗഢ ഗംഭീരമായി. അനിവാര്യമായിരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അനൗൺസ് ചെയ്തിരുന്നത് പോലെ കൃത്യസമയത്തുതന്നെ പ്രോഗ്രാമുകൾ സ്റ്റാർട്ട് ചെയ്തു. 170ൽ പരം കുട്ടികളെ കോർത്തിണക്കിക്കൊണ്ട് കിഡ്സ് ക്ലബ് കോഡിനേറ്റേഴ്സ് കൃത്യം 5:00 മണിക്ക് തന്നെ കിഡ്സ് ക്ലബ് പ്രോഗ്രാമുകൾ തുടങ്ങുവാനായത് ക്നാനായ നൈറ്റിന് നല്ലൊരു തുടക്കമായി. കിഡ്സ് ക്ലബ്ബിന്റെ പ്രോഗ്രാമിനെ തുടർന്ന് കെ.സി. ജെ.എൽ, ഗോൾഡീസ്, സീനിയർ സിറ്റിസൺസ്, കെ.സി.വൈ.എൽ., യുവജനവേദി എന്നിവരുടെ പ്രകടനങ്ങൾ പരിപാടികൾക്ക് കൂടുതൽ മിഴിവേകി. അതിനുശേഷം നടന്ന വിമൻസ് ഫോറത്തിന്റെ വൈവിധ്യമാർന്ന കലാപ്രകടനങ്ങൾ ക്നാനായ നൈറ്റിന് കൂടുതൽ നിറച്ചാർത്തായി.

പരിപാടികളുടെ മധ്യത്തിൽ കെ.സി.സി.എ ൻ.എ യുടെ 16-ാമത് കൺവെൻഷൻ കിക്കോഫും നടത്തപ്പെടുകയുണ്ടായി. രജിസ്ട്രേഷൻ ഓപ്പൺ ആയതിനുശേഷം രണ്ട് ആഴ്ചയ്ക്കുള്ളിൽ തന്നെ ഏതാണ്ട് 500ന് അടുത്ത ഫാമിലികൾ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് റെക്കോർഡ് ഏർലി രജിസ്ട്രേഷൻ ആണെന്ന് കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ പറഞ്ഞു.

അതിനുശേഷം കെ.സി.എസിന്റെ സെൻസസ് ഫോം ഫിൽ ചെയ്തവരുടെ റാഫിൾ ഡ്രോയിങ് നടത്തപ്പെടുകയുണ്ടായി. റാഫിൾ ഡ്രോയിംഗിൽ സമ്മാനാഹരായ ടോണി ആൻഡ് സൗമിക്ക് മലബാർ ഗോൾഡിന്റെ 750 ഡോളർ ഡയമണ്ട് വൗച്ചർ സമ്മാനിക്കുകയുണ്ടായി

പരിപാടികൾ അനൗൺസ് ചെയ്തിരുന്നതിനേക്കാൾ 15 മിനിറ്റ് നേരത്തെ സമാപിക്കാനായതിന് എല്ലാ സബ് ഓർഗനൈസേഷൻ കോർഡിനേറ്റർമാരെയും, എംസിമാരെയും പ്രസിഡന്റ് ജോസ് ആനമല പ്രശംസിക്കുകയുണ്ടായി. വെന്യൂ തിരഞ്ഞെടുത്തതിലും, പരിപാടികളുടെ ഗുണനിലവാരത്തിലും, സമയക്രമം പാലിച്ചതിലും പങ്കെടുത്തവർ അത്യന്തം സംതൃപ്തി പ്രകടിപ്പിക്കുകയും സംഘാടകരെ അഭിനന്ദിക്കുകയും ചെയ്തു.

## ഐ.വർഗീസിനു കേരള അസോസിയേഷൻ ഓഫീസിൽ മീറ്റ് ആന്റ് ഗ്രീറ്റ് സംഘടിപ്പിച്ചു



ഡാളസ്: 50 വർഷം പിന്നിടുന്ന കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ മുന്നണി പോരാളിയും സമാനതയില്ലാത്ത സംഘാടകനുമായ ഐ. വർഗീസിനു ഡാളസ് കേരള അസോസിയേഷൻ ഓഫീസിൽ മീറ്റ് ആന്റ് ഗ്രീറ്റ് സംഘടിപ്പിച്ചു.

നവംബർ 16 ഞായറാഴ്ച വൈകുന്നേരം 5:30ന് അസോസിയേഷൻ ഹാളിലാണ് പരിപാടി നടന്നത്. ഐ.വർഗീസിന്റെ വൈവിധ്യപരമായ പുരോഗമന ചിന്താഗതിയും, ജനാധിപത്യ, മനുഷ്യത്വപരമായ അനുപമ നേതൃത്വവും അദ്ദേഹത്തെ സകലരുടെയും സ്നേഹാദരങ്ങൾക്കു പാത്രമായി തീർത്തു. ഇതെല്ലാം തന്നെ അസോസിയേഷന്റെ ഗുണകരമായ വളർച്ചക്ക് ഒരു കാരണമായിരുന്നു . പ്രക്ഷുബ്ദമായ സാഹചര്യങ്ങളോട് സംയമനത്തോടെയും നിഷ്പക്ഷതയോടെയും സമീപിക്കുന്ന അദ്ദേഹം അമേരിക്കയിലെ കലാ സാംസ്കാരിക സമന്വയത്തിന്റെയും സാമൂഹിക ലയനത്തിന്റെയും വിസ്മയകരമായ സംഘടനയായി കേരള അസോസിയേഷൻ ഓഫ് ഡാളസിനെ തീർത്തു.

സണ്ണി ജേക്കബ്, പി. റ്റി സെബാസ്റ്റ്യൻ, മുതിർന്ന മാധ്യമ പ്രവർത്തകൻ പി.പി ചെറിയാൻ, ബാബു മാത്യു, ജേക്കബ് സൈമ്മൺ, ഐസിഇസി പ്രസിഡന്റ് മാത്യു നൈനാൻ, ഐ സി ഇ സി സെക്രട്ടറി തോമസ് ഈശോ, സിജു കൈനിക്കര, അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ, അസോസിയേഷൻ സെക്രട്ടറി മഞ്ജിത് കൈനിക്കര, സിജു വി ജോർജ്, ടോമി കളത്തിൽ വീട്ടിൽ, ബേബി കൊടുവത്തു, അനശ്വരം മാമ്പിള്ളി തുടങ്ങിയവർ മാഞ്ഞു പോകാത്ത മായിക്കുവാൻ കഴിയാത്ത ഓർമ്മകൾ പങ്കുവെച്ചു.

സാഹിത്യകാരൻ ജോസ് ഓച്ചാലിൽ, ആൻസി ജോസ്, പൗലോസ്, ടോമി നെല്ലുവേലിൽ, കമ്മറ്റി അംഗങ്ങളായ ഫ്രാൻസിസ് എതോട്ടത്തിൽ, ദീപക് നായർ, നേബു കുര്യാക്കോസ് തുടങ്ങി ഒട്ടേറെ പേർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. ഐ. വർഗീസ് നന്ദി പറഞ്ഞു.

9 December - **International Anti-Corruption Day**
International Anti-Corruption Day is observed on 9 December every year to highlight how corruption affects health, education, justice, democracy, prosperity, and development.
10 December - **Human Rights Day**
Human Rights Day is celebrated on 10 December. The Universal Declaration of Human Rights was adopted in 1948 by the United Nations General Assembly. This day is observed to protect the fundamental human rights of all people and their basic human freedom.